കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാണ്ടനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7 - 956/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 7 - 956/2024 തീയ്യതി: 19/12/2024

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	17-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	17-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ ടി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജെയിൻ ജിനു ജേക്കബ്	പ്രസിഡന്റ്	01-04-2023	31-03-2024
ഷൈലജ പി എം	സെക്രട്ടറി	01-04-2023	18-06-2023
മായ എം	സെക്രട്ടറി	19-06-2023	12-07-2023

ലത എൽ	സെക്രട്ടറി	13-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.വിഷ്ണു ആർ.എസ്സ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
സൗമ്യമോൾ.യു	ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ	01-04-2023	31-03-2024
റീജ മോൾ	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-03-2024
മേരിജിഷ.പി.ജെ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	20-08-2023
ഉഷ.ആർ	അസിസ്റ്റന്റ് എഞ്ചിനിയർ	21-08-2023	31-03-2024
അഖിൽ.വി.പിള്ള	വില്ലേജ് എക്സറ്റെൻഷൻ ഓഫിസർ	01-04-2023	12-07-2023
കവിത.ആർ.പി	വില്ലേജ് എക്സറ്റെൻഷൻ ഓഫിസർ സർക്കിൾI	13-07-2023	31-03-2024
ശ്രുതി ശങ്കർ	വില്ലേജ് എക്സറ്റെൻഷൻ ഓഫിസർ സർക്കിൾ II	01-04-2023	23-09-2023
ദേവികൃഷ്ണ.കെ.കെ	വില്ലേജ് എക്സറ്റെൻഷൻ ഓഫിസർ സർക്കിൾII	24-09-2023	31-03-2024
റെജിമോൾ	ഡയറി ഫാം ഇൻസ്ട്രക്റ്റർ	01-04-2023	31-03-2024
ഡോ.സുരേഷ് കുമാർ	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	01-04-2023	31-03-2024
ഡോ.രാധിക.ആർ.നായർ	മെഡിക്കൽ ഓഫിസർ (ഹോമിയോ)	01-04-2023	31-03-2024
അർച്ചന യു എസ്	കൃഷി ഓഫിസർ	01-04-2023	30-09-2023
ശ്രീഹരി സദാനന്ദ്	കൃഷി ഓഫിസർ	01-10-2023	14-03-2024
ആര്യ എം	കൃഷി ഓഫിസർ	15-03-2024	31-03-2024
ഡോ.പാർവ്വതി.സി.എ	മെഡിക്കൽ ഓഫിസർ(ആയുർവേദം)	01-04-2023	16-08-2023
ഡോ.സതീഷ് കുമാർ	മെഡിക്കൽ ഓഫിസർ(ആയുർവേദം)	17-08-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1-0
2	ഗുണഭോക്താവ് തിരികെ അടച്ച തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി	1-1-1
3	വികസന ഫണ്ടിൽ തിരികെ അടയ്ക്കേണ്ട തുക B-9 Other Liabilities എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	നിക്ഷേപ പ്രവൃത്തിയുടെ തുക RP- 49 -Loans, Advances And Payments എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-3
5	ഡി സി ബി പത്രിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-4
6	വാർഷിക അനുപാതം തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-5
7	ഡിമാന്റ് എൻട്രികൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല	1-1-6
8	വാട്ടർ ചാർജിനത്തിൽ അടയ്ക്കുവാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	പാർട്ട് ബില്ലായി നല്കിയ തുകകൾ Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല	1-1-9
11	തൊഴിലുറപ്പു പദ്ധതി -കണക്കിൽ വ്യത്യാസം	1-1-10
12	ബഡ്ജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് വെരിഫിക്കേഷൻ	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	വസ്തുനികുതി അപാകം പരിഹരിക്കുന്നതിന് ഫീൽഡ് തല സർവ്വെ നടത്തിയില്ല	1-10
21	വസ്തുനികുതി- ഓഡിറ്റ് ഇംപാക്റ്റ്- ഓഡിറ്റ് അന്വേഷണത്തെതുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ചു- 2758 രൂപ വസ്തുനികുതി ഡിമാൻഡ് വർദ്ധനവ്	1-11
22	വാണിജ്യാവശ്യകെട്ടിടത്തെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്താത്തതുമൂലം 1833 രൂപയുടെ നഷ്ടം	1-12
23	ടെലികമ്മ്യൂണിക്കേഷൻ ടവറിന് വസ്തുനികുതി ചുമത്തിയില്ല	1-13
24	ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തിയില്ല	1-14
25	തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിയില്ല	1-15
26	ഓഡിറ്റ് ഇംപാക്റ്റ് -തൊഴിൽ നികുതിയിനത്തിൽ 4928 രൂപ വരവ്	1-16
27	ലൈസൻസ് ഫീസ് ഡിമാൻഡ് എൻട്രി വർഷാവസാനം മാത്രം നടത്തുന്നത് വരുമാനചോർച്ചക്കിടയാക്കുന്നു	1-17
28	ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്തിയെങ്കിലും നടപടികൾ സ്വീകരിച്ചില്ല-ലൈസൻസ് ഫീസിലും തൊഴിൽ നികുതിയിലും വരുമാനം ചോർച്ച	1-18

29	പദ്ധതി ചെലവുകളിൽ ഗണ്യമായ കുറവ്	1-19
30	പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വക മാറ്റി ചെലവഴിക്കുന്നു	1-20
31	കുറ്റികുരുമുളക് വിതരണം ജനറൽ – ഫണ്ട് ചെലവഴിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല	1-21
32	ദീർഘകാലമായി നിലനിൽക്കുന്ന ബാധ്യതകൾ തീർപ്പാക്കിയിട്ടില്ല	1-22
33	പാലിന് സബ്സിഡി - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല	1-23
34	ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ചില്ല	1-24
35	തരിശുഭൂമി കൃഷി യോഗ്യമാക്കൽ-തൊഴിൽദിനങ്ങൾക്ക് അനുസൃതമല്ലാതെ ചെലവ് ചെയ്തു	1-25
36	ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബ് ഉപകരണങ്ങൾ വാങ്ങി-ബില്ലിൽ നിന്നും ജി.എസ്സ്.ടി (ടി.ഡി.എസ്സ്) കുറവ് ചെയ്തില്ല, ഉപകരണങ്ങൾ സ്ഥാപിച്ചില്ല	1-26
37	സർക്കാരിലേക്ക് അടയ്ക്കേണ്ട തുകകൾ അടച്ചിട്ടില്ല	1-27
38	അനുപൂരക പോഷകാഹാര പദ്ധതി - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല	1-28
39	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല	1-29
40	എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തീകരിച്ചില്ല	1-30
41	ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് - UDID കാർഡ് ലഭ്യമാക്കിയിട്ടില്ല .	1-31
42	ലൈഫ് ഭവന നിർമ്മാണം-പുരോഗതിയില്ല	1-32
43	ആയുർവേദ ഡിസ്പെൻസറിയിലെ ആവർത്തന ചെലവുകൾ - 1000 രൂപയിൽ അധികമുള്ള ചെലവുകൾ കാഷായി വിതരണം ചെയ്തു	1-33
44	പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം -ഹരിത കർമ്മസേനയിലൂടെ	1-34
ഭാഗം 2		
1	വാണിജ്യാവശ്യകെട്ടിടത്തെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്താത്തതുമൂലം 1833 രൂപയുടെ നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-0 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിയ്ക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2024 ലെ **2/2** നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ഗുണഭോക്താവ് തിരികെ അടച്ച തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി

വൽസമ്മ, മണലിൽ എന്ന ലൈഫ് പദ്ധതി ഗുണഭോക്താവിന് പ്ലാൻ ഫണ്ടിൽ നിന്നും നല്കിയ 40000/- രൂപ പലിശ സഹിതം 41407/- രൂപ ആയി തിരികെ അടച്ചത് RP- 4 Fees & User Charges (R) എന്ന ഹെഡിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ടിൽ തിരികെ അടയ്ക്കേണ്ട ഈ തുക B-9 Other Liabilities എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

1-1-2 വികസന ഫണ്ടിൽ തിരികെ അടയ്ക്കേണ്ട തുക B-9 Other Liabilities എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

വി.കെ.സുമതി, വേലൻപറമ്പിൽ എന്ന ഗുണഭോക്താവ് വീട് അറ്റകുറ്റപ്പണിയ്ക്കായി കൈപ്പറ്റിയ 75000/- രൂപ പലിശ സഹിതം 93000/-രൂപ ആയി തിരികെ അടച്ചത് RP-11 Prior Period Income-Recovery Of Unutilised Grants/Funds എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന ഫണ്ടിൽ തിരികെ അടയ്ക്കേണ്ട ഈ തുക B-9 Other Liabilities എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

1-1-3 നിക്ഷേപ പ്രവൃത്തിയുടെ തുക RP- 49 -Loans, Advances And Payments എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

സുലേഖ ചെലവു പത്രിക പ്രകാരം പ്രോജക്ട് നം. 8 -സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ 2023–24 ന് 74156/- രൂപയും പ്രോജക്ട് നം. 9- വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-ന് 39072/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ഈ തുകകൾ വാർഷിക ധനകാര്യ പത്രിക RP-49-Loans, Advances And Payments എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ഡി സി ബി പത്രിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-5 വാർഷിക അനുപാതം തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-6 ഡിമാന്റ് എൻട്രികൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-7 വാട്ടർ ചാർജിനത്തിൽ അടയ്ക്കുവാനുള്ള തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 03/2024 ലെ വാട്ടർ ചാർജിനത്തിൽ അടയ്ക്കുവാനുള്ള 50924/- രൂപ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 പാർട്ട് ബില്ലായി നല്കിയ തുകകൾ Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

മരാമത്ത് പ്രവർത്തികളുടെ പാർട്ട് ബില്ലായി നല്കിയ തുകകൾ Capital Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് B-4 ഷെഡ്യൂൾ, എ സി ആർ എന്നിവ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്ക് ഗ്രാന്റിന്റെ നീക്കിയിരിപ്പ് 945313/-രൂപയും ടൈഡ് ഫണ്ടിന്റെ നീക്കിയിരിപ്പ് 2754484/- രൂപയുമായി ആകെ നീക്കിയിരിപ്പ് 3699797/- രൂപയാണ്. എന്നാൽ B-17 ഷെഡ്യൂൾ പ്രകാരം യൂണിയൻ ബാങ്കിലെ നീക്കിയിരിപ്പ് 3581202/- രൂപയാണ്. 118595/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-10 തൊഴിലുറപ്പു പദ്ധതി -കണക്കിൽ വ്യത്യാസം

തൊഴിലുറപ്പു പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക 20824715/-രൂപ ആണെങ്കിലും തുക റൗണ്ട് ചെയ്ത് 20831000/-രൂപയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 6285/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-2 ബഡ്ജറ്റ്

2023-24 വർഷത്തെ ബജറ്റ്25/03/2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വരവ് (രൂപ)	ചെലവ് (രൂപ)
ബജറ്റ് പ്രകാരം	110486173/	**107767100/-**
വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ പത്രിക)	74191088/-	73555655/-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	6142061
വരവ്	25732708
ആകെ	31874769
ചെലവ്	23678478
നീക്കിയിരിപ്പ്	8196291

1-4 ഗ്രാന്റ് വിനിയോഗം

ക്രമ നം.	ഫണ്ടിനം	മുൻബാക്കി	തൻ വർഷ വരവ്	ആകെ വരവ് (ACR)	ചെലവ് (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ)	നീക്കി ബാക്കി/ ലാപ്സായ തുക
1	വികസന ഫണ്ട്-	0	8016701	8016701	6137511	1879190

ക്രമ നം.	ഫണ്ടിനം	മുൻബാക്കി	തൻ വർഷ വരവ്	ആകെ വരവ് (ACR)	ചെലവ് (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് ഉൾപ്പെടെ)	നീക്കി ബാക്കി/ ലാപ്സായ തുക
	പൊതുവിഭാഗം					
2	വികസന ഫണ്ട്-എസ്.സി.പി	0	4808855	4808855	3518619	1290236
3	സംരക്ഷണ ഗ്രാന്റ്-റോഡ്	0	7492650	7492650	2158921	5333729
4	സംരക്ഷണ ഗ്രാന്റ്-നോൺ റോഡ്	0	1092600	1092600	1017636	74964
5	15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്					
	ടൈഡ്(ബാങ്ക്)	2526190	1095000	3621190	866706	2754484
	അൺടൈഡ്(ബാങ്ക്) ബേസിക് ഗ്രാന്റ്	450734	1578637	2029371	1084058	945313

പദ്ധതി ചെലവിൽ വന്ന ഗണ്യമായ കുറവ് സംബന്ധിച്ച് ഖണ്ഡിക 1-19 കൂടി കാണുക.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
163	80297736	90	26557837	0	73	55.21%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	0	782948.26	782948	784483	1535
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	20824715*	20824715	20824715	0
ആകെ	0	21607663	21607663	21609198	1535

*തൊഴിലുറപ്പു പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക 20824715/-രൂപ ആണെങ്കിലും വാർഷിക കണക്കിൽ തുക റൗണ്ട് ചെയ്ത് 20831000/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 6285/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	8760	6
കർഷകതൊഴിലാളി പെൻഷൻ	3388800	290
വിധവാ പെൻഷൻ	4291700	408
വാർദ്ധക്യകാല പെൻഷൻ	11456500	1088
വികലാംഗ പെൻഷൻ	1706100	148
അവിവാഹിതപെൻഷൻ	76800	7
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	30000	1

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2024 തീയതിയിൽ 04:00 പി.എം ന് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 14939/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

.താഴെപ്പറയുന്ന ന്യൂനതകൾ ഒഴിവാക്കിയാൽ പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1.ഭരണ സമിതി തീരുമാനങ്ങളുടെ പുരോഗതി വീക്ഷിക്കുന്നതിനുള്ള വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.സ.ഉ. (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-23 ന്റെ ഖണ്ഡിക നമ്പരുകൾ പ്രകാരം ഫീൽഡ് തല സർവ്വെ നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനർനിർണ്ണയിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നതനുസരിച്ച് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവെങ്കിലും ഫലപ്രദമായില്ല (ഖണ്ഡിക നം. 1-10 കാണുക).

3.പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

4.എം.സി.എഫ്- നായുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ലാത്തതും പ്ലാസ്റ്റിക് ബെയ്‌ലിംഗ് യൂണിറ്റ് സ്ഥാപിക്കാത്തതും പോരായ്മയാണ്.

ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വസ്തുനികുതി അപാകം പരിഹരിക്കുന്നതിന് ഫീൽഡ് തല സർവ്വെ നടത്തിയില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക്

അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ.ഉ. (കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22-03-23 പ്രകാരം) 2023 മെയ് 15 നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു.

ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30-06-2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക).

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

(1)ഫീൽഡ് തല പരിശോധനക്കായി ക്ഷമതയുള്ള താൽകാലിക ജീവനക്കാരെ അഭിമുഖം നടത്തി തെരെഞ്ഞടുക്കാതെ ചെങ്ങന്നൂർ പ്രോവിഡൻസ് എൻജിനീയറിംഗ് കോളേജിലെ എട്ടാം സെമസ്റ്ററിൽ പഠിക്കുന്ന 12 വിദ്യാർത്ഥികളെയാണ് ചുമതലപ്പെടുത്തിയത്.

(2) ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം കോളേജ് ലഭ്യമാക്കിയ വിദ്യാർത്ഥികളുടെ പട്ടികയിൽ നിന്നാണോ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്തത് എന്ന കാര്യം വ്യക്തമല്ല.

(3) കോളേജുമായോ തെരെഞ്ഞെടുത്ത വിദ്യാർത്ഥികളുമായോ ചെയ്യേണ്ട പ്രവൃത്തികൾ, സമയപരിധി, ആയതിന്റെ പ്രതിഫലം എന്നിവ സംബന്ധിക്കുന്ന ഒരു കരാറിൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല.

(4) വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി സജ്ജരാക്കിയില്ല.

(5) ഓഡിറ്റ് സമയത്തും 3 വാർഡുകൾ മാത്രം ഭാഗികമായി ഫീൽഡ് തല സർവ്വെ നടത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(6) നിലവിൽ വിദ്യാർത്ഥികൾ ഇത് സംബന്ധിക്കുന്ന ജോലികൾ തുടരുന്നില്ല.

ഭാഗികമായി മാത്രം നടത്തപ്പെട്ട ഈ സർവ്വെയിലെ വിവരങ്ങളിൽ പ്രസക്തമായ ചിലത് ചുവടെ ചേർക്കുന്നു.

(I) <u>ഫീൽഡ് തല സർവ്വെയിൽ കണ്ടെത്തിയ തറവിസ്തൃതിയിലെ മാറ്റം</u>

കെട്ടിട നം.	സഞ്ചയയിലെ തറവിസ്തൃതി (ച.മീ)	ഫീൽഡ് തല റിപ്പോർട്ടിലെ തറവിസ്തൃതി (ച.മീ)
1/124	53	165.99
1/125	101.17	182.04
1/128	58	83.33
1/129	42	118.237
1/130	45	95.317

(Ii) <u>ഫീൽഡ് തല സർവ്വെയിൽ കണ്ടെത്തിയ ഉപയോഗക്രമത്തിലെ മാറ്റം</u>

കെട്ടിട നം.	ഉപയോഗക്രമം (സഞ്ചയ)	ഉപയോഗക്രമം (ഫീൽഡ് തല സർവ്വെ)
1/101	പാർപ്പിടാവശ്യം	ഷോപ്പുകൾ (വാണിജ്യാവശ്യം)
1/102	പാർപ്പിടാവശ്യം	ഷോപ്പുകൾ (വാണിജ്യാവശ്യം)
1/104	പാർപ്പിടാവശ്യം	ഷോപ്പുകൾ (വാണിജ്യാവശ്യം)

തറവിസ്തൃതിയിലെയും ഉപയോഗക്രമത്തിലെയും മാറ്റം വസ്തുനികുതി ഡിമാൻഡിൽ ഉണ്ടാക്കാവുന്ന വർദ്ധനവ് ഗ്രാമപഞ്ചായത്ത് പരിഗണിച്ചതായി കാണുന്നില്ല.

വസ്തുനികുതി വാർഷിക ഡിമാൻഡിൽ വളരെ പിന്നിലുള്ള ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഡിമാൻഡ് ചുവടെ ചേർക്കുന്നു.

2022-23	2023-24
19,23,371	20,86,562

20.8 ലക്ഷം രൂപ മാത്രം വസ്തുനികുതി ഡിമാൻഡുള്ള ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വസ്തുനികുതി പുനനിർണ്ണയം നടത്താതിരുന്നത് പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. ഫീൽഡ് തല സർവ്വെ യഥാസമയം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (18/23-24/14.10.24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം നടപ്പാക്കി വസ്തുനികുതി സംബന്ധിക്കുന്ന സർവ്വെ നടത്തി നികുതി പരിഷ്കരിച്ച് 2023-24 വർഷത്തെ അടിസ്ഥാനമാക്കി ഉണ്ടായ വർദ്ധനവിന്റെ വിവരം ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

<u>1-11 വസ്തുനികുതി- ഓഡിറ്റ് ഇംപാക്റ്റ്- ഓഡിറ്റ് അന്വേഷണത്തെതുടർന്ന് വസ്തുനികുതി പുനർനിർണ്ണയിച്ചു- 2758 രൂപ വസ്തുനികുതി ഡിമാൻഡ് വർദ്ധനവ്</u>

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് മേൽത്തരം തറനിർമ്മിതി, റോഡ് സൗകര്യം എന്നിവക്ക് അടിസ്ഥാനവസ്തുനികുതിയോടൊപ്പം ഉൾപ്പെടുത്തേണ്ട വർദ്ധനവുകൾ ഉൾപ്പെടുത്തിയില്ലായെന്ന് 10-10-2024 ലെ 12, 13 നമ്പരുകളായുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ മുഖാന്തിരം സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന് സഞ്ചയ ഡേറ്റാബേസിലെ വസ്തുനികുതി പുനർനിർണ്ണയിച്ചു. ഇത് മൂലം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ 2758 രൂപയുടെ വർദ്ധനവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണ തറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് സെക്രട്ടറിയെ 10-10-24 ലെ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പുനനിർണ്ണയിച്ചു. വസ്തുനികുതി പുനനിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാൻഡിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമയുടെ പേര്	തറവിസ്തൃതി	വസ്തുനികുതി ഡിമാൻഡിൽ ഉണ്ടായ വർദ്ധനവ്
1	12/129 A	ടോംചാക്കോ, ചിറക്കകത്ത് ടോം വില്ല	272.25	367.538
2	9/21A	രാകേഷ് ശശികലാധരൻ അശ്വതി കൃഷ്ണ ശിവോഹം,കീഴ്വന്മഴി,പാണ്ടനാട്,	251.98	357.182
3	5/8 C	സജിത്ത് രവീന്ദ്രൻ	261.12	352.512

		ആശാ ഗോപിനാഥ് ഗൗരി സദനം		
4	10/280 A	സാജൻ വർഗ്ഗീസ് അകത്തേക്കുഴിയിൽ സന്തോഷ് വില്ല, കീഴ്‌വൻമഴി, പാണ്ടനാട്	253.71	342.508
				1419.7

2)കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളുടെ ഫയലിലെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. റോഡ് വിസ്തൃതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് സെക്രട്ടറിയെ 10-10-2024 ലെ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പുനർനിർണ്ണയിച്ചു. വസ്തുനികുതി പുനർനിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഡിമാൻഡിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	കെട്ടിട ഉടമയുടെ പേര് വിലാസം	റോഡിന്റെ വിസ്തൃതി	വസ്തുനികുതി ഡിമാൻഡിൽ ഉണ്ടായ വർദ്ധനവ്
1	2/316 A	ചെല്ലപ്പൻ പിള്ള വെളുത്തേടത്തായ പുത്തൻ വീട്ടിൽ പാണ്ടനാട്	8 M	358.117
2	13/241 A	വിനോദ് കുമാർ കെ ബി കൊച്ചുവീട്ടിൽ	5.7 M	218.358
3	13/30 B	ശരത് കൃഷ്ണൻ കെ.എം കരിങ്ങാട്ടുശ്ശേരിൽ	8.2 M	271.952
4	12/129 A	ടോം ചാക്കോ ചിറക്കകത്ത് ടോം വില്ല	6.5 M	490.05
				1338.477

വസ്തുനികുതി ഡിമാൻഡിൽ ആകെ 2758 രൂപയുടെ വർദ്ധനവുണ്ടായി. സമാനമായ സാഹചര്യങ്ങൾ 2013 മുതലുള്ള വസ്തുനികുതി ചുമത്തലിൽ ഉണ്ടായിട്ടുണ്ടോയെന്ന്

പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

1-12 വാണിജ്യാവശ്യകെട്ടിടത്തെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്താത്തതുമൂലം 1833 രൂപയുടെ നഷ്ടം

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (അ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22-07-2023 ലെ 2(1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 100 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 60 രൂപയും 100 മുതൽ 500 ച.മീറ്റർ വരെ വരെ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 70 രൂപയും ആണ്. എന്നാൽ ചുവടെ ചേർക്കുന്ന 157.06 ച.മീറ്റർ വിസ്തൃതിയുള്ള 23-03-24 ൽ വസ്തുനികുതി നിർണ്ണയിച്ച 2023-24 ഒന്നാം പാദം മുതൽ നികുതി ബാധകമായ കെട്ടിടത്തിന് ഉടമയുടെ ആവശ്യപ്രകാരം രണ്ട് നമ്പരുകൾ നൽകിയപ്പോൾ അവക്ക് ഓരോന്നിനും 100 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായ 60 രൂപയാണ് ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം.	തറവിസ്തൃതി	ചുമത്തിയ വസ്തുനികുതി	ചുമത്തേണ്ടിയിരുന്ന വസ്തുനികുതി	കുറവ്
8/197 C	68.86	@60 68.86x 60=4131.6 റോഡ് വർദ്ധനവ്-826.32 ആകെ- 4958	@70 68.86x 70=4820.2 റോഡ് വർദ്ധനവ്-964.04 ആകെ- 5785	827
8/197 D	88.2	@60 88.2x 60=5292 റോഡ് വർദ്ധനവ്-1058.4 ഒന്നാം നില കുറവ് - 317.55 ആകെ- 6033	@70 88.2X 70=6174 റോഡ് വർദ്ധനവ്-1234.8 ഒന്നാം നില കുറവ് -370.45 ആകെ- 7039	1006

ഉടമയുടെ ആവശ്യ പ്രകാരം ഒരേ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വ്യത്യസ്ത കെട്ടിടനമ്പരുകൾ നൽകുന്നുണ്ട്. പ്രായോഗികമായി ഇപ്രകാരം നമ്പർ നൽകാമെങ്കിലും ഉപയോഗക്രമം മാറുന്നില്ലാത്തതിനാൽ ഈ കെട്ടിടഭാഗങ്ങളെ ഒറ്റ കെട്ടിടമായി മാത്രമെ കാണാനാകൂ. നികുതി നിർണ്ണയത്തിലെ കുറവിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-14/10-10-24) മറുപടിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4 (സി) പ്രകാരം തക്കതായ കാരണങ്ങളുണ്ടെങ്കിൽ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് വ്യത്യസ്ത നമ്പർ നൽകുവാൻ അനുമതിയുണ്ട് എന്നാണ് വിശദീകരിച്ചത്. എന്നാൽ തക്കതായ കാരണം എന്താണെന്ന് വ്യക്തമാക്കപ്പെട്ടില്ല. ഒരേ സമയം പെർമ്മിറ്റ് എടുത്ത് ഒരേ ഉടമയുടെ പേരിൽ വസ്തുനികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾ ഒരേ ഉപയോഗക്രമത്തിലായതിനാലും തക്കതായ കാരണം വിശദീകരിക്കപ്പെടാത്തതിനാലും വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ചത് അംഗീകരിക്കുന്നില്ല. വസ്തുനികുതിയിൽ

തന്നെ 1833/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി പുന:നിർണ്ണയിച്ചീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-13 ടെലികമ്മ്യൂണിക്കേഷൻ ടവറിന് വസ്തുനികുതി ചുമത്തിയില്ല

രണ്ട് മൊബൈൽ ടവറുകളുടെ നിർമ്മാണത്തിനായി ടെലികമ്മ്യൂണിക്കേഷൻ നിർമ്മാതാക്കൾ ഗ്രാമപഞ്ചായത്തിൽ ഇന്റിമേഷൻ നൽകിയിരുന്നു. എന്നാൽ ഒരു ടവറിന് മാത്രമാണ് ഓഡിറ്റ് സമയം വരെയും വസ്തുനികുതി ചുമത്തിയിട്ടുള്ളത്. ടവർ നിർമ്മിക്കുന്നതിനായി 2023-24 വർഷം ഇന്റിമേഷൻ നൽകിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(വാർഷിക കണക്കുകൾ പ്രകാരം ലഭ്യമായ വിവരം)

ക്രമ നം.	തീയതി	രസീത് നം.	തുക	തുക ഒടുക്കിയ ടവർ കമ്പനി
1	05-09-2023	1230500590	10,000	Summit Digital Infrastructure Private Limited.
2	02-02-2024	1230501433	10,000	Indus Towers Ltd

ക്രമ നം-2 ആയി ഉൾപ്പെടുത്തിയിരിക്കുന്ന ടവർ നിർമ്മാണം പൂർത്തീകരിക്കുകയും ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തുകയും ചെയ്തിട്ടുണ്ട് (നം.7/321A). എന്നാൽ അതിന് വളരെ മുൻപ് ഇന്റിമേഷൻ നൽകി ഫീസൊടുക്കിയ സ്ഥാപനത്തിന്റെ ടെലികമ്മ്യൂണിക്കേഷൻ ടവർ ഓഡിറ്റ് സമയം വരെയും വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം- 15/10-10-24) ന് മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണം പൂർത്തീകരിച്ചോയെന്ന് പരിശോധിച്ച് വസ്തുനികുതി ചുമത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-14 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയക്ക് വസ്തുനികുതി ചുമത്തിയില്ല

ഫ്യൂവൽ സ്റ്റേഷനുകളെ അവയുടെ ബങ്കുകളുടെ കാനോപ്പി ഏരിയ അടിസ്ഥാനമാക്കി വസ്തുനികുതി ചുമത്താത്തതുമൂലം വസ്തുനികുതി നഷ്ടമുണ്ടാകുന്നു. രണ്ട് ഫ്യൂവൽ സ്റ്റേഷനുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. ഫ്യൂവൽ സ്റ്റേഷനുകൾ ഗ്രാമപഞ്ചായത്തിന്റെ പെർമ്മിറ്റ് നേടുന്നതിനായി ലഭ്യമാക്കിയ കെട്ടിടനമ്പരുകളും സഞ്ചയ പ്രകാരമുള്ള അവയുടെ വിസ്തൃതിയും ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	കെട്ടിടത്തിന്റെ തറവിസ്തൃതി (ച.മീ)	ചുമത്തപ്പെട്ട വസ്തുനികുതി
1	13/31	ശ്രീലേഖ മോഹൻ കുമാർ	53	1929
2	6/87 A	വിണ ടി ഡി, തെക്കുംതലക്കൽ	225.25	8941

ക്രമ നം-1 പ്രകാരം ഉൾപ്പെടുത്തിയ ഫ്യൂവൽ സ്റ്റേഷന്റെ കാനോപ്പി ഭാഗം ഉൾപ്പെടുത്തിയല്ല വസ്തുനികുതി നിർണ്ണയിച്ചത്.

ക്രമ നം-2 ൽ ഉൾപ്പെടുത്തിയ ഫ്യൂവൽ സ്റ്റേഷന്റെ വിസ്തൃതിയിൽ കോൺക്രീറ്റ് മേൽക്കൂര ഉൾപ്പെടുന്ന വിസ്തൃതിയാണ് ഉൾക്കൊള്ളുന്നത്.

രണ്ട് ഫ്യൂവൽ സ്റ്റേഷനുകളും മരാമത്ത് വിഭാഗം മുഖാന്തിരം അന്വേഷിച്ച് ഫ്യൂവൽ സ്റ്റേഷനുകളുടെ ഓഫീസുകളോടൊപ്പം കാനോപ്പി ഏരിയായെ വസ്തുനികുതി ചുമത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് 10-10-24 ലെ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മരാമത്ത്

വിഭാഗത്തിന്റെ റിപ്പോർട്ട് പിന്നീട് ലഭ്യമാക്കി ആവശ്യമെങ്കിൽ വസ്തുനികുതി പുനനിർണ്ണയിക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. റിപ്പോർട്ട് സ്വീകരിച്ച കാനോപ്പി ഭാഗത്തെകൂടി വസ്തുനികുതി ചുമത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-15 തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനവും/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. പല സ്ഥാപനങ്ങളും തൊഴിൽ നികുതി ഡിമാൻഡിൽ നിന്നും ഒഴിവാക്കപ്പെട്ട സാഹചര്യവും നിലനിൽക്കുന്നു.

1)ധനകാര്യപണമിടപാട് സ്ഥാപനങ്ങൾ

GST വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം മണി ലെൻഡിംഗ് ലൈസൻസ് നേടിയിട്ടുള്ള ചുവടെ ചേർക്കുന്ന ധനകാര്യ പണമിടപാട് സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	വിലാസം
1	POOTHIYOTTU FINANCIERS	POOTHIYOTTU, 85, PANDANAD, 6, VANMAZHY, PANDANAD
2	VRINDAVAN FINANCIERS	ARADA BUILDINGS, 10, PANDANAD, VIII, PANDANAD, PANDANAD
3	MELETHIL FINANCIERS	KOLLAMPARAMBIL, 17, PARAMBATHOOR PADY, 1X, PANDANADU, PANDANADU

മറ്റ് ഫൈനാൻസിയേഴ്സ്

4.ശ്രാമ്പിക്കൽ ഫിനാൻസ്, വാർഡ് -12

5.ശാരദാസ് ഫിനാൻസ്, വാർഡ്-8

2)ചുവടെ ചേർക്കുന്ന അക്ഷയ സെന്ററുകൾക്കും ജീവനക്കാർക്കും തൊഴിൽ നികുതി ചുമത്തിയില്ല.

ക്രമ നം.	സെന്റർ കോഡ്	സ്ഥലം
1	ALP074	മാടവന ജംഗ്ഷൻ
2	ALP075	മിത്രമഠം ജംഗ്ഷൻ

3) പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന *പാണ്ടനാട് വെസ്റ്റ് KUCS A131(D) APCOS* എന്ന ക്ഷീര സംഘത്തിന്റേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

4) ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിലെ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാർക്ക് തൊഴിൽ നികുതി ചുമത്തുന്നില്ല. കരാറുകാരുടെ പേര്

വിവരം ചുവടെ ചേർക്കുന്നു.

I) കെ.ജെ സൈമൺ

Ii) എം.പി ബാബു

Iii) സാജൻ പി മാത്യു

Iv) കെ. ശശി

5) ഗ്രാമപഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അനുമതിയോട് കൂടി പ്രവർത്തിക്കുന്ന ഫ്യൂവൽ സ്റ്റേഷനുകളിലെ മാനേജർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ നികുതി ചുമത്തിയില്ല. ഫ്യൂവൽ സ്റ്റേഷൻ ഉടമകളുടെ പേര് കെട്ടിട നമ്പർ എന്നിവ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്
1	13/31	ശ്രീലേഖ, മോഹൻ കുമാർ
2	6/87 A	വിണ ടി ഡി, തെക്കുംതലക്കൽ

തൊഴിൽ നികുതി ചുമത്തലിന് എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/16-10-24) തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-16 ഓഡിറ്റ് ഇംപാക്റ്റ് -തൊഴിൽ നികുതിയിനത്തിൽ 4928 രൂപ വരവ്

തൊഴിൽ നികുതി ഈടാക്കുന്നതിന് എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-25/16-10-24) നൽകിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	തുക (പലിശ സഹിതം)	രസീത് നമ്പർ	തീയതി
1	അഖിൽ ടി ആർ, ഡ്രൈവർ, ഗ്രാമപഞ്ചായത്ത് ഓഫീസ്	2190	1240400680	16-10-24
2	രാജേഷ് കുമാർ എം.ആർ., കോൺട്രാക്ടർ	2738	1240400684	17-10-24
ആകെ		4928		

തുടർ വർഷങ്ങളിൽ, ടി വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന പക്ഷം, തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-17 ലൈസൻസ് ഫീസ് ഡിമാൻഡ് എൻട്രി വർഷാവസാനം മാത്രം നടത്തുന്നത് വരുമാനചോർച്ചക്കിടയാക്കുന്നു

GO(Ms) No.152/2011/LSGD Dtd 27-07-2021 പ്രകാരം പഞ്ചായത്ത് അക്കൗണ്ടിംഗ് നയങ്ങൾ

സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം FAEOTS ലെസൻസ് ഫീസ് അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വരവിനവും ഡിമാൻഡ് സംബന്ധിച്ച വിവരം വർഷാരംഭത്തിൽ അക്രൂവൽ അടിസ്ഥാനത്തിൽ കണക്കുകളിൽ ഉൾപ്പെടുത്തേണ്ട ഇനവുമാണ്. തൻവർഷ ഡിമാന്റ് എൻട്രി നടത്തുമ്പോൾ മുൻവർഷത്തെ വിവരങ്ങളെ ആധാരമാക്കേണ്ടതാണ്. എന്നാൽ വർഷാവസാനം (31-03-24 ൽ) വരവ് തന്നെ ഡിമാന്റ് എൻട്രിയായി ഉൾപ്പെടുത്തുകയാണുണ്ടായത്. വർഷാരംഭ നടപടി എന്ന നിലക്ക് ചെയ്യേണ്ട അക്രൂവൽ രേഖപ്പെടുത്തൽ വർഷാവസാനം മാത്രം ചെയ്യുന്നത് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്തുന്നതിനും അതുവഴി തനതുവരുമാന ചോർച്ച കണ്ടെത്തുന്നതിനും വിഘാതമാകുന്നുണ്ട്. ലൈസൻസിംഗിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഡടിസ്ഥാനത്തിൽ സ്ഥിരമായി നമ്പർ നൽകുന്നതിനും വാർഷിക കണക്കുകളിൽ കൃത്യമായി വർഷാരംഭ ഡിമാൻഡ് നൽകുന്നതിനും അതുവഴി അനധികൃത വ്യാപാരങ്ങൾ തടഞ്ഞ് FATEOS ലൈസൻസ് നൂറുശതമാനമാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

<u>1-18 ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്തിയെങ്കിലും നടപടികൾ സ്വീകരിച്ചില്ല-ലൈസൻസ് ഫീസിലും തൊഴിൽ നികുതിയിലും വരുമാനം ചോർച്ച</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTEOS ലൈസൻസ് ഫീസുകൾ അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കുവാൻ വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, കള്ളു ഷാപ്പുകൾ എന്നിവ എല്ലാം തന്നെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസില്ലാത്ത നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സർവ്വെ നടത്തി കണ്ടെത്തിയിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിക്കുന്നില്ല എന്നതാണ് വസ്തുത. സർവ്വെ റിപ്പോർട്ട് പ്രകാരം ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നം.	വാർഡ് നം./ കെട്ടിട നം. ലഭ്യമായ വിവരങ്ങൾ	സ്ഥാപനത്തിന്റെ പേര്
1	1/95 C	വിൻസ് മാർജിൻ ഫ്രീ മാർക്കറ്റ് (നൈനാൻ)
2	-	ബിനു സ്റ്റോർ (ബിനുകോശി)
3	II/65	പച്ചക്കറി വ്യാപാരം (യോഹന്നാൻ പി വി, തൈപ്പറമ്പിൽ)
4	II/65 D	J J സ്റ്റോഴ്സ് സ്കറിയ വർഗ്ഗീസ്

5	II/82	സ്റ്റേഷനറി (രാജു T G)
6	II/70 A	സ്റ്റേഷനറി(ലീലാമ്മ ജോർജ്)
7	III/17	പൗർണ്ണമി സ്റ്റോഴ്സ് (അജയകുമാർ)
8	III/157	നോവ ബേക്കറി (ജോസഫ് എബ്രഹാം)
9	III/149	തെക്കേമഠത്തിൽ (പ്രസന്ന കുമാർ)
10	-	നമിത ഇലക്ട്രിക്കല് (നവാസ്)
11	III/315	പവർടൂൾസ് (ജോൺ രാജു)
12	-	അമ്പാടി ടു വീലർ വർക്ക് ഷോപ്പ് മംഗളൻ
13	-	ബിഗ് ബോസ് (ദിൽഷാദ്)
14	III/271	ലാസർ അലൂമിനിയം ഫാബ്രിക്കേഷൻ റെജി ജോൺ
15	III/295	ഭാസ്കര സ്റ്റോഴ്സ് വിജയമ്മ
16	III/226,198	T&T മിൽ (പി ജി മാത്യു)
17	III	കാർത്തിക സ്റ്റോഴ്സ് (രാധാമണി)
18	II	അരോമ ടെയിലറിംഗ് ഷോപ്പ് (ബിൻസി)
19	IV/14	വെൽഡിംഗ് വർക്ക് ഷോപ്പ് (സന്തോഷ് കുമാർ)
20	IV/72	പേങ്ങാട്ടിൽ സ്റ്റോഴ്സ്(സുശീലാമ്മ)
	-	ഗോകുൽ വുഡ് ഫർണ്ണിച്ചർ പ്രയാർ
21	IV	കോസല ഫ്ലോർമിൽ പ്രയാർ
22	IV	പെർഫക്റ്റ് അലൂമിനിയം & PVC ഫാബ്രിക്കേഷൻ

23	IV	ജീവാ സ്ഖ്റ്റോഴ്സ് (സ്കറിയ ജോസഫ്)
24	IV	ചിക്കൻ സെന്ററർ (അനു ഇ ചാക്കോ)
25	IV	ജോയി സ്റ്റോഴ്സ് (ഈപ്പൻ ഫിലിപ്പ്)
26	VI/75	ലിജോലിയ സ്റ്റോഴ്സ് (ലിജു വർഗ്ഗീസ്)
27	V	ഏദൻസ് സ്റ്റോഴ്സ്
28	V/228	സ്റ്റേഷനറി (ഗോപാലകൃഷ്ണൻ നായർ)
29	V/272 A	വിജയ സ്റ്റോഴ്സ് (വിജയ പ്രകാശ്)
30		സ്കൈ ഈവന്റ്സ്, മുതവഴി
31		നഷ്കത്ര സൂപ്പർ മാർക്കറ്റ് (ബിജു എം.റ്റി)
32	VI/96	സേഫ്രഷ് (ത്രേസ്യാമ്മ ജോൺ)
33	VII/4	സ്റ്റേഷനറി (ഉണ്ണികൃഷ്ണൻ നായർ)
34	VII/3	റേഷൻ കട മേഴ്സി വർഗ്ഗീസ്
35	VII/10	സി പി ഹോട്ടൽ (ചന്ദ്രൻ പിള്ള വി ജി)
36	VII	ഫ്രഷ് ഫാം ചിക്കൻ (പ്രസാദ്)
37	VII	സ്റ്റേൽ ജെന്റ്സ് ബ്യൂട്ടി പാർലർ (വിപിൻ)
38	VII	കിങ്ങിണി ലേഡീസ് ബ്യൂട്ടി പാർലർ (വിദ്യ)
39	VII/142	ചിത്ര ഡിറ്റി പി സെന്ററർ
40	VII/117	വെജ് ഫോർ യു(പച്ചക്കറി വ്യാപാരം) നിഥിഷ്
41	VII/153,154	ഇലഞ്ഞിമണ്ണിൽ സ്റ്റോഴ്സ് റോയ് എം ജോൺ
42	VIII/196	വെൽഡിംഗ് സ്റ്റോഴ്സ്,
43	VIII/	അനീറ്റ ഹോട്ടൽ & ടീഷോപ്പ്

44	VIII/	സുരഭി ഹോട്ടൽ (സുരേഷ് കുമാർ)
45	VIII/	ഡ്രീം സ്റ്റുഡിയോ (രാജേഷ് എം ആർ)
46	VIII/	രുദ്ര അലൂമിനിയം ഫാബ്രിക്കേഷൻ (ബിജു ബാലൻ)
47	VIII/	കെൻ കീ ചിക്കൻ ആൻഡ് മീറ്റ് പ്രൊഡക്റ്റ്സ്
48	VIII/	ലക്ഷമി ബേക്കേഴ്സ് (വിജയമ്മ സുനിൽ)
49	VIII/	കൃഷ്ണ ഫാഷൻസ് രമ്യ കൃഷ്ണകുമാർ
50	VIII/	അമ്പാടി ഇലക്ട്രിക്കൽസ് അശോകകുമാർ
51	VIII/	ശാരദാസ് സ്റ്റുഡിയോ (ഹരികുമാർ)
52	VIII/13	സേഫ് സ്റ്റോഴ്സ് (എബ്രഹാം വർഗ്ഗീസ്)
53	IX	ടുവീലർ വർക്ക് ഷോപ്പ് (രതീഷ് കുമാർ)
54	X/73	ജയലക്ഷ്മി സ്റ്റീൽസ് കൃഷ്ണകുമാർ ആർ
55	-	സ്റ്റാർ ട്രേഡിംഗ് (മോഹനൻ)

ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവരെ തൊഴിൽ നികുതിയും ചുമത്തുന്നില്ലായെന്നത് വലിയ വരുമാന ചോർച്ചയുണ്ടാക്കുന്നുണ്ട്. പട്ടികയിൽ ഉൾപ്പെടുന്ന അനധികൃത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ച് അനധികൃത വ്യാപാരങ്ങൾ തടയുന്നതിനും FTEOS ലൈസൻസ് നൂറുശതമാനമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 പദ്ധതി ചെലവുകളിൽ ഗണ്യമായ കുറവ്

ഗ്രാമപഞ്ചായത്തിലെ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ, നിർവ്വഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫിസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), ഡയറി എക്സ്റ്റെൻഷൻ ഓഫിസർ എന്നിവർ മാത്രമാണ് അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയിട്ടുള്ളത്. ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരും ഏറ്റെടുത്ത പ്രോജക്ടുകളിൽ പൂർണ്ണമായും നടപ്പാക്കിയതായി കാണുന്നില്ല. നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം

നിർവഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത്	നടപ്പാക്കാത്തവ

സെക്രട്ടറി	32	17	15
അസിസ്റ്റന്റ് എഞ്ചിനീയർ	46	16	30
അസിസ്റ്റന്റ് സെക്രട്ടറി	15	11	4
വെറ്ററിനറി സർജൻ	7	5	2
കൃഷി ഓഫീസർ	8	4	4
ഐസിഡിഎസ് സൂപ്പർ വൈസർ	9	7	2
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0
ഹെഡ്മിസ്ട്രസ്സ്	7	2	5
വിഇഒ	27	17	10
മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	4	4	0
മെഡിക്കൽ ഓഫീസർ (ആയുർവേദം)	5	5	0
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	1	1
ആകെ	163	90	73

നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിൽ പ്രത്യക്ഷമായ കുറവ് തൻവർഷം വന്നിട്ടുണ്ട്. 55.21% പ്രോജക്ടുകളാണ് നടപ്പാക്കിയത്. കൂടാതെ വകയിരുത്തിയ തുകയുടെ 33.07% മാത്രമാണ് വിനിയോഗിക്കാനായത്. സംരക്ഷണ ഗ്രാന്റിനത്തിൽ തൻവർഷം പഞ്ചായത്തിന് ലഭ്യമായ 14403699/-രൂപയിൽ 3198054/-രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. അതായത് ലഭിച്ച തുകയുടെ 22.20% മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് ആകെ 36 പദ്ധതികൾ ആവിഷ്കരിച്ചിരുന്നെങ്കിലും 2 പദ്ധതികൾ റോഡ് വിഭാഗത്തിലും 2 പദ്ധതികൾ നോൺ റോഡ് വിഭാഗത്തിലും മാത്രമായും നടപ്പാക്കി. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ 1,12,05,645/-രൂപ ഇപ്രകാരം സംരക്ഷണ ഗ്രാന്റിനത്തിൽ നിന്ന് മാത്രം നഷ്ടപ്പെട്ടു.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമ പ്രവൃത്തികൾ ലക്ഷ്യമിട്ട് രൂപീകരിക്കുന്ന പ്രോജക്ടുകൾക്കായി വകയിരുത്തുന്ന തുകയിൽ ചെലവ് ശതമാനത്തിൽ വന്നിട്ടുള്ള കുറവ് നിർവഹണഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ലഭ്യമായ ഫണ്ടിന്റെ വിനിയോഗം ഉറപ്പാക്കി പൊതുജനോപകാരപ്രദമായ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വക മാറ്റി ചെലവഴിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 15(1) പ്രകാരം കേന്ദ്രസർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ മറ്റേതെങ്കിലും

ഏജൻസികളിൽ നിന്നോ പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന തുകകൾ ട്രഷറിയിലെയോ ബാങ്കിലോ അതിനായി നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടുകളിൽതന്നെ സൂക്ഷിക്കേണ്ടതും ചട്ടം 15(2) പ്രകാരം ഏതെങ്കിലും ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി ഏതെങ്കിലും സ്രോതസ്സിൽ നിന്നു ലഭിക്കുന്ന തുക അതേ ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഗ്രാന്റു തുകകളിൽ B-4 പട്ടികയിൽ ഉൾപ്പെടുന്ന ബാധ്യത തുകയ്ക്ക് തത്തുല്യമായ ആസ്തി ബാങ്ക് അക്കൗണ്ടുകളിൽ ഇല്ല.

പ്രത്യേകം അക്കൗണ്ടില്ലാത്ത ഫണ്ടിനമായ പൂരകപോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്ര ഫണ്ട് തനത് ഫണ്ട് അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. B-4ഷെഡ്യൂളിൽ Integrated Child Development Scheme എന്ന ഹെഡിൽ 1759490/-രൂപ ബാലൻസുണ്ട്. ശുചിത്വ മിഷൻ ഫണ്ടിനായി പ്രത്യേകം അക്കൗണ്ട് ഉണ്ടെങ്കിലും ഇതിൽ ഒരു വിഹിതം കൂടി തനതു ഫണ്ടിലേക്ക് മാറ്റിയിട്ടിരുന്നു. B-4 ഷെഡ്യൂളിൽ Grant From Suchitwa Mission എന്ന ഹെഡിൽ 701361/-രൂപ ബാലൻസുണ്ട്. എന്നാൽ തത്തുല്യമായ തുകകൾ ബന്ധപ്പെട്ട തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ആസ്തിയായി അവശേഷിക്കുന്നില്ല. ഇത് ഫണ്ടുകൾ വകമാറി ചെലവഴിക്കപ്പെട്ടതിനാലാണ്.

ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് ഗുരുതരമായ സാമ്പത്തിക അച്ചടക്ക ലംഘനമാണ്. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-21 കുറ്റികുരുമുളക് വിതരണം ജനറൽ – ഫണ്ട് ചെലവഴിച്ചെങ്കിലും പദ്ധതി നടപ്പാക്കിയില്ല

പ്രോജക്ട് നമ്പർ 48/24

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക് - കുറ്റികുരുമുളക് വിതരണം ജനറൽ
അടങ്കൽ – 375000(300000(വികസനഫണ്ട് ജനറൽ)+75000(മറ്റുള്ളവ))

ചെലവ് - 1) 26250 (ചെക്ക് നം. 72001953/30.3.24) ഗുണഭോക്തൃവിഹിതം
2) 78750(utr. No. RBI1432484194322/21.5.24) വികസനഫണ്ട്

ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പ്രോജക്ടിനായി കൈക്കോയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 26250 രൂപ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2) 350 കുറ്റികുരുമുളകിന് 300 രൂപ നിരക്കിൽ 105000 രൂപയാണ് ആകെ ഇൻവോയ്സ് തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സബ്സിഡി തുകയായി ബാക്കി നൽകാനുള്ള 78750 രൂപ അടുത്ത സാമ്പത്തിക വർഷം (Utr. No. RBI1432484194322/21.5.24, 78750 രൂപ) കൈക്കോയ്ക്ക് നൽകിയിട്ടുണ്ട്. സാധനം ലഭിച്ചത് സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. കൈകോ സമർപ്പിച്ച ഇൻവോയ്സ് (V-1686A/23-24 /2.2.24) പ്രകാരമുള്ള സാധനങ്ങൾ കൈക്കോയിൽ നിന്ന് ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ (വിതരണ രജിസ്റ്റർ) ലഭ്യമല്ല.

3) തൈയുടെ പ്രായം ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം 6 മാസം പ്രായമായ തൈക്ക് 250 രൂപയാണ് നിരക്ക്. കൈകോ രേഖപ്പെടുത്തിയ നിരക്ക് ഇതിനേക്കാൾ കൂടുതലാണ്.

4) ഗുണഭോക്തൃവിഹിതം 52500 രൂപ പിരിച്ചിട്ടുണ്ടെങ്കിലും 26250 രൂപയെ ചെലവഴിച്ചിട്ടുള്ളു.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/16.10.24 ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതിക്കായി ഗുണഭോക്തൃവിഹിതം 52500 രൂപ പിരിച്ച് പഞ്ചായത്തിൽ അടച്ചിട്ടുണ്ടെന്നും ഇതിൽ

26250 രൂപക്ക് തുല്യമായ പദ്ധതിവിഹിതം മാത്രമേ ചിലവഴിക്കാൻ സാധിച്ചിട്ടുള്ളെന്നും പകുതി പേർക്ക് വിതരണം ചെയ്യേണ്ട തൈകളുടെ പദ്ധതി വിഹിതം മാത്രമെ ലഭ്യമായിരുന്നുള്ളു എന്നും പകുതി പേർക്ക് മാത്രമായി ആനുകൂല്യം അനുവദിക്കുമ്പോൾ പരാതിക്ക് ഇടയാകും എന്നതിനാലാണ് സാധനം ലഭ്യമാക്കി വിതരണം ചെയ്യാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി ഗുണഭോക്തൃവിഹിതം പ്ലാൻ ഫണ്ട് ലഭിക്കുന്ന മുറക്ക് ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറ്റിക്കുരുമുളക് മൺചട്ടിയുൾപ്പെടെ വിതരണം ചെയ്യുന്ന പ്രോജക്ടാണ് വിഭാവനം ചെയ്തിരുന്നതെന്നും ആയതിനാലാണ് 300 രൂപ നിരക്ക് വന്നതെന്നും അറിയിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ (സർക്കാർ ഉത്തരവ് (കൈ) നം. 115/2022/ത.സ്വ.ഭ.വ./ 28-5-2022) കുറ്റിക്കുരുമുളക് തൈകൾ അനുവദിക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ മൺചട്ടി ഉൾപ്പെടെ എന്ന് പരാമർശിച്ചിട്ടില്ലാത്തതിനാലും ജില്ലാതല യൂണിറ്റ് കോസ്റ്റിലും ഈയൊരു സ്പെസിഫിക്കേഷൻ കുറ്റിക്കുരുമുളകിന് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും 300 രൂപയെന്ന നിരക്ക് അംഗീകരിക്കുന്നില്ല. സാധനം നിലവിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ യൂണിറ്റ് കോസ്റ്റിൽ പരാമർശിക്കുന്ന സ്പെസിഫിക്കേഷനിൽ ഉള്ളതും നിരക്ക് യൂണിറ്റ് കോസ്റ്റിനേക്കാൾ കൂടാത്തതുമായ കുറ്റിക്കുരുമുളക് തൈ വാങ്ങി വിതരണം ചെയ്യേണ്ടതും അധികമായി കൈകോക്ക് നൽകിയ തുക ഇനി നൽകുന്ന തുകയിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അധികമായി നൽകിയ തുക കൈകോക്ക് ഇനി നൽകുന്ന തുകയിൽ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ഈ പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 26250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ദീർഘകാലമായി നിലനിൽക്കുന്ന ബാധ്യതകൾ തീർപ്പാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ, ധനസഹായം എന്നീയിനങ്ങളിലായി തുക ചെലവഴിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ്ഡ്	പദ്ധതിയുടെ പേര്	ബാക്കിയുള്ള തുക
320100149	National Rural Health Mission	300000
320100153	Panchayat Yuva Krida Aur Khel Abhiyan	154055
320100181	Total Sanitation Campaign	790039
320100182	Total Sanitation Scheme	41380
320200207	Fund For Transferred Institutions - Homeopathy- Capital	500000
320300199	Grants, Funds & Contributions For Specific Purposes - Other Government Agencies	314774
320700105	Contributions For Joint Venture Projects(For Capital Expenditure)- From District Panchayats	25892
320700204	Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats	47500
320700205	Contributions For Other Specific Purposes (For Revenue Expenditure)- From	65350

	District Panchayats	
320700304	Contributions For Other Specific Purposes (For Capital Expenditure)- From Block Panchayats	500000
320700405	Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats	6403
320800199	Other Grants Funds& Contributions For Specific Purposes -Capital	140000

മേൽ തുകകളിൽ പലതും വർഷങ്ങളായി ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിട്ടുള്ളതാണ്. വർഷങ്ങളായി പ്രത്യേക ശീർഷകങ്ങളിൽ സൂക്ഷിച്ചിട്ടുള്ള തുക പദ്ധതികൾ തയ്യാറാക്കി ചെലവഴിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകയറി നം.10/23-24/10.10.24 നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല.
പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ഉചിതമായ പദ്ധതികൾ തയ്യാറാക്കി വിനിയോഗിക്കേണ്ടതാണ്.

1-23 പാലിന് സബ്സിഡി - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 20/24

പ്രോജക്ടിന്റെ പേര് - പാലിന് ഇൻസെന്റീവ്

അടങ്കൽ -500000 (100000 (വികസന ഫണ്ട്) +200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 200000 (ജില്ലാ പഞ്ചായത്ത് വിഹിതം))

ചെലവ്

1) 100000 (ട്രഷറി റഫ.നം.230702000000011729/15-11-2023)

2) 100000 (ട്രഷറി റഫ.നം.230702000000011968/121-11-2023)

3) 75000 (ട്രഷറി റഫ.നം.230702000000013502/16-12-2023)

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചാക്കോ വർഗ്ഗീസ്, ജോയി എബ്രഹാം, സാമുവേൽ ജേക്കബ്, പുഷ്പവല്ലി എന്നീ ഗുണഭോക്താക്കൾ പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഈ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്, അക്കൗണ്ട് നമ്പർ	പാലളന്ന കാലയളവ്, നിരക്ക്	അനുവദിച്ച സബ്സിഡി
ചാക്കോ വർഗ്ഗീസ്, 10240100472653 ഫെഡറൽ ബാങ്ക്	4/23, 5/23, @ 3/litre	7014 രൂപ
ജോയി എബ്രഹാം, 58801000342 ഫെഡറൽ ബാങ്ക്		7011 രൂപ
സാമുവേൽ ജേക്കബ്, 588010076543 ഇൻഡ്യൻ ഓവർസീസ് ബാങ്ക്		5790 രൂപ
പുഷ്പവല്ലി, 20450100006660 ഫെഡറൽ ബാങ്ക്	6/23, 7/23, 8/23, @ 3/litre	2912 രൂപ
ചാക്കോ വർഗ്ഗീസ്, 10240100472653 ഫെഡറൽ ബാങ്ക്		6932 രൂപ
സാമുവേൽ ജേക്കബ്, 588010076543 ഇൻഡ്യൻ ഓവർസീസ് ബാങ്ക്		6673 രൂപ

ജോയി എബ്രഹാം, 58801000342 ഫെഡറൽ ബാങ്ക്		6669 രൂപ
ചാക്കോ വർഗ്ഗീസ്, 10240100472653 ഫെഡറൽ ബാങ്ക്	9/23, 10/23 @2/litre	6541 രൂപ
ജോയി എബ്രഹാം, 58801000342 ഫെഡറൽ ബാങ്ക്		6742 രൂപ
സാമുവേൽ ജേക്കബ്, 588010076543 ഇൻഡ്യൻ ഓവർസീസ് ബാങ്ക്		6840 രൂപ

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/14.10.24 ന് ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരസംഘത്തിൽ പുതിയതായി നിയമിക്കപ്പെട്ട സെക്രട്ടറിക്ക് സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രിന്റ് എടുത്തപ്പോൾ പരിചയക്കുറവ് മൂലം പിഴവ് സംഭവിച്ചിട്ടുണ്ടെന്നും സംഘത്തിലെ സ്റ്റേറ്റ്മെന്റ് എടുക്കുമ്പോൾ മെമ്പേസ്, നോൺ മെമ്പേസ് എന്നിങ്ങനെ തരം തിരിച്ചുള്ള ലിസ്റ്റ് ആയി പ്രിന്റ് എടുക്കാമെന്നും, ആൾ മെമ്പേഴ്സ് സെലക്ഷൻ കൊടുത്തു പ്രിന്റ് എടുക്കാതിരുന്നത് കൊണ്ടാണ് ചാക്കോ വർഗ്ഗീസ്, ജോയി എബ്രഹാം, സാമുവേൽ ജേക്കബ് എന്നീ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതെന്നും മറുപടി നൽകി. പുഷ്പവല്ലി എന്നയാളുടെ ഭർത്താവായ ശിവൻ, ചാത്തേഴത്തിന്റെ പേര് ആണ് സംഘത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ആൾ മെമ്പേഴ്സ് സെലക്ഷൻ കൊടുത്തു എടുത്ത പ്രിന്റ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. ഇതിൽ ചാക്കോ വർഗ്ഗീസ് എന്നയാൾ ജോസ് ചാക്കോ എന്ന പേരിലും, ജോയി എബ്രഹാം എന്നയാൾ ജോയി ജോൺ എബ്രഹാം എന്ന പേരിലും, സാമുവേൽ ജേക്കബ് എന്നയാൾ ജെയിംസ് സാമുവേൽ എന്ന പേരിലുമാണ് സംഘത്തിന്റെ പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റിനായി സമർപ്പിച്ച പാലളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള മറിയാമ്മ എന്ന ഗുണഭോക്താവിന് അധിക സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താവിന്റെ അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ടി മറിയാമ്മക്കല്ല സബ്സിഡി അനുവദിച്ചതെന്നും നോൺ മെമ്പറായ മറിയാമ്മക്കാണ് സബ്സിഡി അനുവദിച്ചതെന്നും. ടി മറിയാമ്മയുടെ പേര് ആൾ മെമ്പേഴ്സ് ലിസ്റ്റിൽ ഉണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ പേര് മറിയാമ്മ തോമസ് എന്നാണ് ബിൽ പെയിഡ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്(അക്കൗണ്ട് നമ്പർ 58801000278 ഫെഡറൽ ബാങ്ക്). ടി ഗുണഭോക്താവിന് 4/23, 5/23 എന്നീ കാലയളവിൽ 4746 രൂപയും 6/23, 7/23, 8/23 എന്നീ കാലയളവിൽ 6994 രൂപയും 9/23, 10/23 എന്നീ കാലയളവിൽ 7210 രൂപയും ഉൾപ്പെടെ ആകെ 18950 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ കോപ്പി ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി ഗുണഭോക്താക്കൾ ക്ഷീരകർഷകരാണെന്ന് തെളിയിക്കുന്ന വെറ്ററിനറി സർജന്റെ സാക്ഷ്യപത്രവും പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

പേരിൽ വ്യത്യാസമുള്ള 3 ഗുണഭോക്താക്കളായ ചാക്കോ വർഗ്ഗീസ്, ജോയി എബ്രഹാം, സാമുവേൽ ജേക്കബ് എന്നീ ഗുണഭോക്താക്കളും സംഘത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി സൂചിപ്പിച്ചിട്ടുള്ള പേരുകാരും ഒരേയാളുകളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറുടെ) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കാതെയും, അപേക്ഷ സ്വീകരിക്കാതെയും സബ്സിഡി അനുവദിക്കുന്നത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പറഞ്ഞിരിക്കുന്ന രേഖകൾ ഹാജരാക്കുന്നത് വരെ ടി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനായി വിനിയോഗിച്ച 75234 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരിച്ചില്ല

പ്രോജക്ട് നം./പേര്	S0008/24 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ 2023-24
അടങ്കൽ	250000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 500000 (ബ്ലോക്ക് പഞ്ചായത്ത്) 1000000 (ജില്ലാപഞ്ചായത്ത്) 1750000
ചെലവ്	74156
ബിൽ നം.	286/21.03.2024

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതിയുടെ ഭാഗമായി വാർഡ് -1 ലെ പ്രവർത്തിയ്ക്കായി 74156/-രൂപ കെ.എസ്.ഇ.ബി. യുടെ കടപ്ര സെക്ഷനിൽ അടച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 3/23-24 /09.10.24 നല്കിയതിന് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല എന്ന് മറുപടി നല്കി.

പ്രവൃത്തി പൂർത്തീകരിച്ച് തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാൽ 74156/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-25 തരിശുഭൂമി കൃഷി യോഗ്യമാക്കൽ-തൊഴിൽദിനങ്ങൾക്ക് അനുസൃതമല്ലാതെ ചെലവ് ചെയ്തു

എൻ.ആർ.ഇ.ജി.എസ്സ് പദ്ധതി പ്രകാരം തരിശായി കിടക്കുന്ന കൃഷി ഭൂമികൾ വിവിധ തൊഴിലാളി ഗ്രൂപ്പുകളെ ഉപയോഗിച്ച് കൃഷി യോഗ്യമാക്കുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ എം.ബുക്ക് പ്രകാരം ചെയ്തിട്ടുള്ള അളവിൽ അധികമായി തൊഴിൽ ദിനങ്ങൾ ഉപയോഗിച്ച് പ്രവൃത്തി ചെയ്തതായി എം.ബുക്കിൽ രേഖപ്പെടുത്തി തുക ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്/വാർഡ് നം.	എസ്റ്റിമേറ്റ് പ്രകാരം ആകെ അളവ്, തൊഴിൽ ദിനം,ആകെ അൺസ്കിൽഡ് വേജസ്സ്	എം.ബുക്ക് നം./ചെയ്ത പ്രവൃത്തി	ചെയ്ത പ്രവൃത്തിക്ക് ആവശ്യ മായ മനുഷ്യ ദിനം	എം.ബുക്ക് / മസ്റ്റർ റോൾ പ്രകാരമുള്ള മനുഷ്യദിനം	മനുഷ്യ ദിനങ്ങൾക്ക് അനുസൃത മായ പ്രവൃത്തിയുടെ അളവ് (എസ്റ്റിമേറ്റ് അടിസ്ഥാന മാക്കി)	
തരിശായി കിടക്കുന്ന ഭൂമി	3261 M^2 ന് 1108.74 മനുഷ്യദിനം,	106/23-24 2891m^2	982 മനുഷ്യദിനം	989 മനുഷ്യദിനം	2908m^2	2331

കൃഷി യോഗ്യമാക്കൽ സൂര്യബി ഗ്രൂപ്പ്(വാർഡ് നം.9)	369210.42					
തരിശായി കിടക്കുന്ന ഭൂമി കൃഷി യോഗ്യ മാക്കൽ സൗപർണ്ണിക ഗ്രൂപ്പ്(വാർഡ് നം.9)	3788m^2 ന് 1287.92 മനുഷ്യദിനം, 428877.36	91/23-24 3706m^2	1260 മനുഷ്യദിനം	1210 മനുഷ്യദിനം	3558m^2	16650
തരിശായി കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കൽ ശ്രീ ഗംഗ ഗ്രൂപ്പ്(വാർഡ് നം.4)	3479m^2 ന് 1182.86 മനുഷ്യദിനം, 393892.38	23/23-24 3367m^2	1144 മനുഷ്യദിനം	1114 മനുഷ്യദിനം	3276m2	9990
തരിശായി കിടക്കുന്ന ഭൂമി കൃഷി യോഗ്യമാക്കൽ നവോദയ ഗ്രൂപ്പ്(വാർഡ് നം.3)	3470m^2 ന് 1179.80 മനുഷ്യദിനം, 392873.40	85/23-24 3370m^2	1145 മനുഷ്യദിനം	1171 മനുഷ്യദിനം	3444m^2	8658
ആകെ						37629

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27തീയതി 17-10-2024) മറുപടി ലഭ്യമാക്കിയില്ല. ചെയ്ത അളവിൽ കൂടതലായി രേഖപ്പെടുത്തി മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി അധികം ചെലവഴിച്ച 37629/- രൂപ അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബ് ഉപകരണങ്ങൾ വാങ്ങി- ബില്ലിൽ നിന്നും ജി.എസ്സ്.ടി (ട്രി.ഡി.എസ്സ്) കുറവ് ചെയ്തില്ല, ഉപകരണങ്ങൾ സ്ഥാപിച്ചില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് വെൽനെസ്സ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വെൽനെസ്സ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ലാബിലേക്കുള്ള ഫുള്ളി ഒട്ടോമാറ്റിക്ക് ബയോകെമിസ്ട്രി അനലൈസർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുകയാണ് പദ്ധതി ലക്ഷ്യം.

പ്രോജക്ട് നം.	S0 135/24
പേര്	ഹെൽത്ത് ഗ്രാന്റ് ലാബ് ഉപകരണ വാങ്ങൽ
അടങ്കൽ	630000
ചെലവ്	630000

വാങ്ങിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	സപ്ലൈയർ	ഇൻവോയിസ്	തുക	PFMS Order

		നം./തീയതി		No./date
Mispa HX50 Automated 5-part Haematology Analyser	AGAPPE Diagnostics, Eranakulam	CO-2324-00026600/ 11.03.24	595780	C032471113339/ 23.03.24
Mispa I2 Automated Specific Protien Analyser	AGAPPE Diagnostics, Eranakulam	CO-2324-00025413/ 28.02.24	34220	C032429215984/ 01.03.24

AGAPPE Diagnostics, Eranakulam എന്ന സ്ഥാപനം ലഭ്യമാക്കിയ Haematology Analyser എന്ന ഉപകരണത്തിന്റെ ബിൽ പ്രകാരമുള്ള 595780/-രൂപയിൽ 18 ശതമാനം ചരക്ക് സേവന നികുതി കൂടി അടങ്ങുന്നതാണ്.

കേന്ദ്ര ധന മന്ത്രാലയത്തിന്റെ 13.9.2018 ലെ വിജ്ഞാപനം നം .50/2018 സെൻട്രൽ ടാക്സ് പ്രകാരം ചരക്ക് സേവന നികുതി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ കരാർ തുക 250000 രൂപയിൽ അധികമാണെങ്കിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്ന് 2% തുക കുറവ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആകെ ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികമായതിനാൽ സാധനവിലയുടെ ഒരു ശതമാനം വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതിയുടെ ടി ഡി എസ് കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതുണ്ട്. പ്രസ്തുത ബിൽ പ്രകാരം സാധനവില (ജി.എസ്.റ്റി ഒഴികെ) 504898.31/- രൂപയാണ്. ഇതിന്റെ ഒരുശതമാനമായ 5049/-രൂപ വീതം കേന്ദ്ര, സംസ്ഥാന ചരക്ക് സേവന നികുതിയുടെ ടി ഡി എസ് കുറവ് ചെയ്യേണ്ടതായിരുന്നു.അതായത് ആകെ 10098/- രൂപ ചരക്ക് സേവന നികുതിയുടെ ടി ഡി എസ് കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുകയും ബാക്കി 585682.04/- രൂപ പ്രസ്തുത സ്ഥാപനത്തിന് നൽകുകയുമായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ ചരക്ക് സേവന നികുതിയുടെ ടി ഡി എസ് കറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

വാങ്ങിയ ഉപകരണങ്ങൾ ലാബിൽ സ്ഥാപിച്ച് ഉപയോഗപ്രദമാക്കിയിട്ടുണ്ടോ എന്നും ജി എസ് ടി കുറവു ചെയ്യാതിരുന്നതിനുള്ള കാരണവും അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം.24/23-24/15.10.24നല്കിയതിന് സി എച്ച് സി യ്ക്ക് ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ബില്ലിൽ നിന്നും തുക കിഴിവ് ചെയ്യാതിരുന്നതെന്നും ആരോഗ്യ സ്ഥാപനം പൊളിച്ചു പുതിയ കെട്ടിടം പണിയുന്നതിനാൽ പരിമിതമായ സൗകര്യങ്ങളുള്ള താല്ക്കാലിക കെട്ടിടത്തിലായതിനാൽ ലാബ് പ്രവർത്തിക്കുന്നതെന്നതിനാൽ ഉപകരണങ്ങൾ ഇൻസ്റ്റോൾ ചെയ്യുവാൻ സാധിച്ചില്ല എന്നും മറുപടി നല്കി.

16.10.2024 ൽ ഓഡിറ്റ് ടീം പാണ്ടനാട് സി എച്ച് സി യിൽ നടത്തിയ സന്ദർശനത്തിൽ Haematology Analyser, Specific Protien Analyser എന്നീ ഉപകരണങ്ങൾ പാക്കേജിനുള്ളിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. സി എച്ച് സി യിൽ പുതിയതായി നിർമ്മിക്കുന്ന ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഉപകരണങ്ങൾ സ്ഥാപിച്ച് അറിയിക്കുന്നതു വരേയ്ക്കും ഇതിനായി ചെലവഴിച്ച 619902/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.
ഇൻസ്റ്റോൾ ചെയ്ത് പ്രവർത്തനക്ഷമമാക്കിയതിന് ശേഷം മാത്രമേ ഉപകരണങ്ങളുടെ വാറന്റി ആരംഭിക്കൂ എന്ന് പർച്ചേസ് രേഖകളിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ഉപകരണങ്ങൾ നിഷ്ക്രിയമാകുന്ന അവസ്ഥ ഒഴിവായേക്കാമെങ്കിലും ഉപകരണങ്ങൾക്കൊപ്പം ലഭിച്ച റീ ഏജന്റുകൾ ഉപയോഗപ്രദമല്ലാതെ പോകും.

ലാബ് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് ഉപകരണങ്ങൾ സ്ഥാപിക്കേണ്ട താണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-27 സർക്കാരിലേക്ക് അടയ്ക്കേണ്ട തുകകൾ അടച്ചിട്ടില്ല

2023-24 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B -9 -Other Liabilities എന്ന ഇനത്തിൽ ചുവടെ ചേർക്കു പ്രകാരമുള്ള തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നു.

കോഡ്	ഹെഡ്	തുക	റിമാർക്സ്
350300199	Government And	1525	ശ്രീ.പി.വി. വിജയൻ

	Other Dues Payable -Others		ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ഇനത്തിൽ അടച്ച തുക
350400999	Refund Of Unutilised Grants -Prior Period	274450	കൊല്ലന്തറ കോളനി കുടിവെള്ള പദ്ധതിയ്ക്കായി (2014-15, 2016-17) വാട്ടർ അതോറിറ്റിയിൽ അടച്ച തുക തിരികെ ലഭിച്ചത് (ചെക്ക് നം. 672056/30.08.2022)
350400201	Refunds Payable-Water Charges	57427	കുടിവെള്ള ചാർജ്ജിനത്തിൽ നോൺ റോഡ് ഫണ്ടിൽ നിന്നും അടച്ച തുക റീ കൂപ്പ് ചെയ്ത് 20.09.2021 ൽ ലഭിച്ചത്.

സർക്കാരിലേക്ക് നിയമാനുസൃതം അടയ്ക്കേണ്ട തുകകൾ അതത് ഫണ്ടിൽ അടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിലനിർത്തുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.9/23-24/10.10.24നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല.

വാർഷിക കണക്കിൽ ബാധ്യതയായി അവശേഷിക്കുന്ന തുകകൾ തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 അനുപൂരക പോഷകാഹാര പദ്ധതി - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പ്രോജക്ട് നമ്പർ 24/24

പ്രോജക്ടിന്റെ പേര് - അംഗൻവാടി പോഷകാഹാര പദ്ധതി

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ – 1640808 (640808 (വികസനഫണ്ട് ജനറൽ) +500000 (കേന്ദ്ര വിഹിതം) +500000 (ജില്ലാ വിഹിതം))
ചെലവ് –593740 (123980 (വികസനഫണ്ട് ജനറൽ) +391403 (കേന്ദ്ര വിഹിതം) +78357 (ജില്ലാ വിഹിതം))

ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളുടെ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു

ചെലവിനം	ചെലവഴിച്ച തുക	അപാകത
ഭക്ഷ്യവസ്തുക്കളുടെ വില (ഇഷ്യു നം. 9494107/2378/30.9.23, കേരള സിവിൽ സപ്ലൈസ് കോർപറേഷൻ)	46042 (ചെക്ക് നം. 02046040/21.11.23)	സാധനങ്ങൾ വാങ്ങിയ ബിൽ ഫയലിൽ ഇല്ല. സ്റ്റോക്കിൽ ചേർത്തില്ല.
അംഗൻവാടി വർക്കർമാർക്ക്	7682 (ചെക്ക് നം .72001951/30.3.24)	ആവശ്യകത, ഏത് കാലയളവിലേക്കുള്ള

നൽകിയത്		ആനുകൂല്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
ഭക്ഷ്യവസ്തുക്കളുടെ വില (ഇഷ്യു നം. 9494107/2354/30.6.23, കേരള സിവിൽ സപ്ലൈസ് കോർപറേഷൻ)	45110 (ചെക്ക് നം. 02046040/21.11.23)	ചെറുപയർ 90 Kg ആണ് വാങ്ങിയതെങ്കിലും സ്റ്റോക്കിൽ 98kg എന്നാണ് ചേർത്തിരിക്കുന്നത്.
ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയത്	1755 (ചെക്ക് നം. 72001950/30.3.24)	കാലയളവ്, മറ്റ് വിശദാംശങ്ങൾ എന്നിവയില്ല.
അംഗൻവാടി വർക്കർമാർക്ക് നൽകിയത്	16727 (ചെക്ക് നം .02046032/30.10.24)	ആവശ്യകത, ഏത് കാലയളവിലേക്കുള്ള ആനുകൂല്യം എന്നിവ രേഖപ്പെടുത്തിയിട്ടില്ല
ഭക്ഷ്യവസ്തുക്കളുടെ വില (ഇഷ്യു നം. 9494107/22367/28.3.23, കേരള സിവിൽ സപ്ലൈസ് കോർപറേഷൻ)	89562 (ചെക്ക്നം .02046040/21.11.23)	റാഗിപ്പൊടി 119 Kg സ്റ്റോക്കിൽ ചേർത്തില്ല.
ആകെ	206878	

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/17-10-24 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ടി പദ്ധതിക്കായി വിനിയോഗിച്ച 206878 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്നു വർഷത്തിൽ അധികമായി തനതു ഫണ്ടിൽ നിലനിൽക്കുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല.

ഇനം	വർഷം	തുക
സപ്ലൈയേഴ്സ് ഇ എം ഡി	2018-19	6920
ബിഡ്ഡേഴ്സ് ഇ എം ഡി	2018-19	350
കോൺട്രാക്ടേഴ്സ് എസ് ഡി	2019-20	3625
സപ്ലൈയേഴ്സ് എസ് ഡി	2017-18	1250
ബിഡ്ഡേഴ്സ് എസ് ഡി	2019-20	56
കോൺട്രാക്ടേഴ്സ് റീടെൻഷൻ	2014-15	3837
	2016-17	9882
	2018-19	10472
ഓക്ഷൻ ഡെപ്പോസിറ്റ്	2016-17	8900
	2017-18	3200
	2018-19	2150
അദർ ഡെപ്പോസിറ്റ്	2015-16	10000

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാത്തതിന്മേൽ ഓഡിറ്റ് അന്വേഷണം നം.17/23-24/10.10.24 നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ/തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.	S0030/24
പ്രോജക്ട്	എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണം	വി.ഇ.ഒ
അടങ്കൽ	1000000(വികസനഫണ്ട് (എസ്സ്.സി.പി)
ചെലവ് വിവരം	ബിൽ നം. 220/27.12.23 – 160000/- ബിൽ നം. 221/27.12.23 – 40000/- ബിൽ നം. 414/25.3.24 – 140000/-

തൻവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (S0091/24) എന്ന പദ്ധതി പ്രകാരം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ മുൻകൂറായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും പഠനമുറി നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പേരും വിലാസവും	നൽകിയ തുക	തുക മാറി നൽകിയ തീയതി
ഓമന തങ്കപ്പൻ മണ്ണാറത്തറ	30000 60000 80000	27/12/23 18/01/24 25/03/24
മനോജ്കുമാർ.കെ തെക്കേപ്പറത്തറ	30000	18/01/24

അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നാണ് വി.ഇ.ഒ നൽകിയ പദ്ധതി സംബന്ധിച്ച റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. അഡ്വാൻസ് തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-31 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് - UDID കാർഡ് ലഭ്യമാക്കിയിട്ടില്ല .

പ്രോജക്ട് നം.S0025/24

പ്രോജക്ടിന്റെ പേര് - ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്
നിർവഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ പല അപേക്ഷകളിലും യു.ഡി.ഐ.ഡി. കാർഡ് ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/17.10.24 ന് മറുപടി ലഭ്യമാക്കിയില്ല .

2016 ലെ ഭിന്നശേഷി അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ ഭിന്നശേഷിക്കാർക്ക് ഏകീകൃത ഐഡന്റിറ്റി കാർഡ് എന്ന നിലയിലാണ് UDID കാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സർക്കാർ ആനുകൂല്യത്തിനുള്ള ആധികാരിക

രേഖയാക്കി കേന്ദ്ര സർക്കാരും കേരളത്തിൽ സാമൂഹ്യ നീതി വകുപ്പും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുഴുവൻ ഗുണഭോക്താക്കൾക്കും ഐ.ഡി കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-32 ലൈഫ് ഭവന നിർമ്മാണം-പുരോഗതിയില്ല

പ്രോജക്ട് നം.	S0035/24
പ്രോജക്ട്	ലൈഫ് ഭവന നിർമ്മാണം(ജനറൽ)
നിർവഹണം	വി.ഇ.ഒ
അടങ്കൽ	20000000 വികസന ഫണ്ട്(ജനറൽ) :-1763600 സംസ്ഥാന ആവിഷ്കൃത ഫണ്ട്:-50,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം:-1000000 ജില്ലാപഞ്ചായത്ത് വിഹിതം:-1236400 മറ്റുള്ളവ :-11000000

ലൈഫ് ഭവനപദ്ധതി (ജനറൽ) പ്രകാരം തൻവർഷം ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, വിലാസം	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തീയതി
1	അശോകൻ ഇടിയംപാട്ട്	40000	12-01-23
2	രാജശ്രീ നെടുമാളിൽ	40000 100000	22-05-23 7-12-2023
3	വസന്തകുമാരി നെടുമാളിൽ	40000 100000	22-05-23 7-12-2023
4	ബിന്ദു സുനിൽ നെടുമാളിൽ	40000 100000 60000	22-05-23 4-01-2024 12-01-2024
5	ജയ്സി ഇമാനുവൽ നടുവിലയിൽ	40000 100000	22-05-23 07-12-2023
6	ഗൗരി, ദർഭയിൽ	40000 100000	22-05-23 07-12-2023

പട്ടികയിൽ ക്രമ നം.1-ൽ പേര് ചേർത്തിട്ടുള്ള ഗുണഭോക്താവ് 2022-23 വർഷം ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതും ഫൗണ്ടേഷൻ മാത്രം പൂർത്തീകരിച്ച് തുടർന്ന് നിർമ്മാണം നടത്തിയിട്ടില്ലാത്തതുമാണ്. ഗുണഭോക്താവ് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകി വിവരം അറിയിക്കുന്നതാണ് എന്നാണ് വി.ഇ.ഒ നൽകിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. അഡ്വാൻസ് തുക കൈപ്പറ്റുകയും തുടർനിർമ്മാണം നടത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 40,000/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും തിരികെ ഈടാക്കേണ്ടതും പണി പൂർത്തീകരിക്കാത്തതുമായ മറ്റ് ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

(ബി)

പ്രോജക്ട് നം.	S0034/24
പ്രോജക്ട്	ലൈഫ് ഭവനനിർമ്മാണം(എസ്സ്.സി)
നിർവഹണം	വി.ഇ.ഒ
അടങ്കൽ	**11026800** വികസന ഫണ്ട്(ജനറൽ) :-1026800 സംസ്ഥാന ആവിഷ്കൃത ഫണ്ട്:-25,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം:-1000000 ജില്ലാപഞ്ചായത്ത് വിഹിതം:-1000000 മറ്റുള്ളവ :-5500000

ലൈഫ് ഭവനപദ്ധതി (എസ്സ്.സി) പ്രകാരം തൻവർഷം ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ, നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്,വിലാസം	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തീയതി
1	സബിത.വി.പി നവീൻ ഭവനം	40000	20-03-23
2	ഗോമതി പുളിക്കത്തറയിൽ	40000 40000	14-12-23 10-01-2024
3	ശാന്തകുമാരി പെരുമാലിക്കാട്ടിൽ	40000 100000 100000	10-01-24 25-03-24 31-03-24
6	ഗൗരി ദർഭയിൽ	40000 100000	22-05-23 07-12-202

ഒന്നാം പട്ടികയിൽ ക്രമ നം.1-ൽ പേര് ചേർത്തിട്ടുള്ള ഗുണഭോക്താവ് 2022-23 വർഷം ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതും ഫൗണ്ടേഷൻ മാത്രം പൂർത്തീകരിച്ച് തുടർന്ന് നിർമ്മാണം നടത്തിയിട്ടില്ലാത്തതുമാണ്. ഗുണഭോക്താവ് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക നൽകി വിവരം അറിയിക്കുന്നതാണ് എന്നാണ് വി.ഇ.ഒ നൽകിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച റിപ്പോർട്ടിൽ അറിയിച്ചിട്ടുള്ളത്. അഡ്വാൻസ് തുക കൈപ്പറ്റുകയും തുടർനിർമ്മാണം നടത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ മുൻകൂർ നൽകിയ 40,000/- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതും ആനുകൂല്യം കൈപ്പറ്റിയതും പണി പൂർത്തീകരിക്കാത്തതുമായ മറ്റ് ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-33 ആയുർവേദ ഡിസ്പെൻസറിയിലെ ആവർത്തന ചെലവുകൾ - 1000 രൂപയിൽ അധികമുള്ള ചെലവുകൾ കാഷായി വിതരണം ചെയ്തു

പ്രോജക്ട് നമ്പർ -16/24

പ്രോജക്ടിന്റെ പേര് - ആയൂർവേദ ഡിസ്പെൻസറിയിലെ ആവർത്തനച്ചെലവുകൾ

ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡിസ്പെൻസറിയുടെ വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ആയിരം രൂപയിൽ അധികമുള്ള ചെലവുകൾ ബന്ധപ്പെട്ട വ്യക്തിക്ക് ക്യാഷ് ആയിട്ടാണ് വിതരണം ചെയ്തിരിക്കുന്നത്. ആയിരം രൂപയിൽ അധികമുള്ള ചെലവുകൾ ചെക്കായി വിതരണം ചെയ്യണം എന്ന് സർക്കാർ മാർഗ്ഗനിർദ്ദേശം ഉള്ളതാണ് (ജി.ഒ.പി.177/2006 ധനം /12.4.2006). വിശദാംശം ചുവടെ ചേർക്കുന്നു.

ചെലവഴിച്ച തുക	ചെലവിനം
1500	കമ്പ്യൂട്ടർ സർവീസ് ചാർജ്ജ്
5381	ഫയർ എക്സ്റ്റിംഗ്വിഷർ റീ ഫിൽ ചാർജ്ജ്

പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്ന തുക നിർവഹണ ഉദ്യോഗസ്ഥന്റെ പേഴ്സണൽ അക്കൌണ്ടിലേക്കാണ് അനുവദിക്കുന്നത്. പഞ്ചായത്തിൽ നിന്നും കണ്ടിജന്റ് ചെലവുകൾക്കായി അനുവദിക്കുന്ന തുക നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഈ ആവശ്യത്തിനായി ഓപ്പൺ ചെയ്തിട്ടുള്ള അക്കൗണ്ടിലേക്ക് സ്വീകരിക്കേണ്ടതും 1000 രൂപയിൽ അധികമുള്ള ചെലവുകൾ ചെക്കായി നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/10.10.24 ന് മറുപടി ലഭ്യമാക്കിയില്ല.

1-34 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം -ഹരിത കർമ്മസേനയിലൂടെ

മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകർമ്മസേനയുടെ പ്രസക്തി

പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമ പഞ്ചായത്തുകളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തുകളും നഗരസഭകളും മുൻകൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങിയാണ് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം നടത്തുന്നത്. കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനയുടെ രൂപീകരണം നടന്നത്.

ഹരിതകർമ്മസേനാ പ്രവർത്തനം- ഗ്രാമ പഞ്ചായത്തിൽ

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി, പാണ്ടനാട് ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മസേന കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ എന്ന പേരിൽ 17-11-2019 മുതൽ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതി 2022 വർഷാവസാനം വരെ മന്ദഗതിയിലായിരുന്നു. പ്രളയ ആഘാതത്തിൽ ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ശുശ്രൂഷകൾ, ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ പോരായ്മകൾ എന്നീ വെല്ലുവിളികൾ ഹരിതകർമ്മസേനാ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കി. എന്നാൽ നിലവിൽ ഇത് ഗ്രാമപഞ്ചായത്തിന്റെ അഭിമാന പദ്ധതിയായി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2023 സെപ്റ്റംബർ 1 മുതൽ ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സി യെ സേനയുടെ പ്രവർത്തന മികവിനായി പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തുകയും ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരികയും ചെയ്യുന്നു. 13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് വീതം ഹരിത കർമ്മ സേനാംഗങ്ങളെയാണ്

നിയമിച്ചിട്ടുള്ളത്. കരാർ വെച്ച് 07-11-2019-ൽ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നും ശേഖരിച്ച് അതത് വാർഡുകളിലെ മിനി എം.സി.എഫുകളിൽ വെച്ച് തരംതിരിച്ച് സമയബന്ധിതമായി ക്ലീൻ കേരള കമ്പനിക്ക് കയറ്റി അയക്കുന്നു. വീടുകളിൽ നിന്ന് 50/-രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100/-രൂപയും യൂസർ ഫീ ചുമത്തി വരുന്നു. പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ, എന്നിവരുടെ നേതൃത്വത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തി ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുന്നു. മാലിന്യ സംസ്കരണം, വരുമാന വർദ്ധനവ്, കർമ്മസേനാംഗങ്ങൾക്കിടയിലെ സാമ്പത്തിക സുസ്ഥിരത എന്നിവ ഉറപ്പുവരുത്തിക്കൊണ്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

<u>കയറ്റി അയച്ച പ്ലാസ്റ്റിക്കിന്റെ വിവരങ്ങൾ</u>

തൻവർഷം 5366.19kg പ്ലാസ്റ്റിക്ക് ക്ലീൻ കേരള മിഷന് കയറ്റി അയച്ച ഇനത്തിൽ കൺസോർഷ്യം അക്കൗണ്ടിൽ 33146/- രൂപ ലഭിച്ചിട്ടുണ്ട്. എല്ലാ മാസവും കൃത്യമായ ഷെഡ്യൂൾ പ്രകാരം വാർഡുകളിൽ നിന്നും മാലിന്യ ശേഖരണം നടത്തുന്നു. ഇതിന്റെ പ്രതിഫലനമെന്നോണം പ്രതിമാസം യൂസർഫീ ഇനത്തിൽ വർദ്ധനവുണ്ടാകുന്നുണ്ട്. യൂസർ ഫീസ് തരാത്ത വീടുകളിലും വ്യാപാര സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി പിഴ ഈടാക്കി വരുന്നുണ്ട്. ട്രോളികൾ ഉപയോഗിച്ച് ശേഖരിക്കുന്ന മാലിന്യങ്ങൾ അതാതു വാർഡുകളിലെ മിനി എം.സി.എഫ് – കളിൽ വെച്ച് തരംതിരിക്കുകയും (13 വാർഡുകളിലും മിനി എം.സി.എഫുകൾ ഓരോന്ന് വീതം സ്ഥാപിച്ചിട്ടുണ്ട്) ക്ലീൻ കേരള കമ്പനി വഴി മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നു. നിലവിൽ ഒരു ഹരിത കർമ്മസേനാംഗത്തിന് പ്രതിമാസം ശരാശരി 5000/- രൂപ ലഭിക്കുന്നുണ്ട്. ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ച് കൺസോർഷ്യത്തിനായി ഓഫീസ് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. റോഡിലേക്കും പുഴയിലേക്കും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങളാണ് കർമ്മസേനയിലൂടെ ഇപ്രകാരം ശേഖരിക്കപ്പെടുന്നുവെന്നതിനാൽ ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്ന തിനും പഞ്ചായത്തിന് കഴിയുന്നു.

<u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>

എ) പഞ്ചായത്ത് പ്രദേശത്തെ ആൾ താമസമുള്ള എല്ലാ വീടുകളും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും യൂസർഫീസ് നൽകി ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ബി) പഞ്ചായത്തിലെ പ്രധാന എം.സി.എഫ്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. എത്രയും വേഗം ഇലക്ട്രിക്ക് കണക്ഷൻ ലഭ്യമാക്കി എം.സി.എഫ് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ആരോഗ്യ – പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി പുനരുപയോഗയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉപയോഗം കുറക്കേണ്ടതും പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രത്സാഹിപ്പിക്കാവുന്നതുമാണ്.

ഡി)ജി.ഒ.പി. നം 1496/2020 പ്രകാരം ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള പരാതിയും പ്രവർത്തനങ്ങൾക്കിടയിലുള്ള ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും ഒരു പരാതിപരിഹാര സമിതി രൂപീകരിച്ചിട്ടില്ല.

ഇ) ഹരിതകർമസേനാംഗങ്ങളുടെ സാമ്പത്തിക സുരക്ഷക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകേണ്ടതാണ്.

എഫ്)മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉപരിയായി, ഹരിത ജീവിതശൈലി സംബന്ധിച്ച ഒരു

അവബോധം പൊതുജനങ്ങളിലെത്തിക്കുന്നതിനുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
മാലിന്യരഹിത കേരളം എന്ന ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യം പൂർത്തീകരിക്കുന്നതിനാകും വിധം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഭരണസമിതിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വാണിജ്യാവശ്യകെട്ടിടത്തെ ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്താത്തതുമൂലം 1833 രൂപയുടെ നഷ്ടം

സ.ഉ (കൈ) 77/2023/ത.സ്വ.ഭ.വ. തീയതി 22-03-2023, സ.ഉ (അ) 25/2023/ത.സ്വ.ഭ.വ. തീയതി 05-04-2023, പാണ്ടനാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22-07-2023 ലെ 2(1) തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 100 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 60 രൂപയും 100 മുതൽ 500 ച.മീറ്റർ വരെ വരെ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 70 രൂപയും ആണ്. എന്നാൽ ചുവടെ ചേർക്കുന്ന 157.06 ച.മീറ്റർ വിസ്തൃതിയുള്ള 23-03-24 ൽ വസ്തുനികുതി നിർണ്ണയിച്ച 2023-24 ഒന്നാം പാദം മുതൽ നികുതി ബാധകമായ കെട്ടിടത്തിന് ഉടമയുടെ ആവശ്യപ്രകാരം രണ്ട് നമ്പരുകൾ നൽകിയപ്പോൾ അവക്ക് ഓരോന്നിനും 100 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായ 60 രൂപയാണ് ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	തറവിസ്തൃതി	ചുമത്തിയ വസ്തുനികുതി	ചുമത്തേണ്ടിയിരുന്ന വസ്തുനികുതി	കുറവ്
8/197 C	68.86	@60 68.86x 60=4131.6 റോഡ് വർദ്ധനവ്- 826.32 ആകെ- 4958	@70 68.86x 70=4820.2 റോഡ് വർദ്ധനവ്- 964.04 ആകെ- 5785	827
8/197 D	88.2	@60 88.2x 60=5292 റോഡ് വർദ്ധനവ്- 1058.4 ഒന്നാം നില കുറവ് - 317.55 ആകെ- 6033	@70 88.2x 70=6174 റോഡ് വർദ്ധനവ്- 1234.8 ഒന്നാം നില കുറവ് -370.45 ആകെ- 7039	1006

ഉടമയുടെ ആവശ്യ പ്രകാരം ഒരേ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വ്യത്യസ്ത കെട്ടിടനമ്പരുകൾ നൽകുന്നുണ്ട്. പ്രായോഗികമായി ഇപ്രകാരം നമ്പർ നൽകാമെങ്കിലും ഉപയോഗക്രമം മാറുന്നില്ലാത്തതിനാൽ ഈ കെട്ടിടഭാഗങ്ങളെ ഒറ്റ കെട്ടിടമായി മാത്രമെ കാണാനാകൂ. നികുതി നിർണ്ണയത്തിലെ കുറവിന്റെ കാരണം

വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം-14/10-10-24) മറുപടിയിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 4 (സി) പ്രകാരം തക്കതായ കാരണങ്ങളുണ്ടെങ്കിൽ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് വ്യത്യസ്ത നമ്പർ നൽകുവാൻ അനുമതിയുണ്ട് എന്നാണ് വിശദീകരിച്ചത്. എന്നാൽ തക്കതായ കാരണം എന്താണെന്ന് വ്യക്തമാക്കപ്പെട്ടില്ല. ഒരേ സമയം പെർമ്മിറ്റ് എടുത്ത് ഒരേ ഉടമയുടെ പേരിൽ വസ്തുനികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾ ഒരേ ഉപയോഗക്രമത്തിലായതിനാലും തക്കതായ കാരണം വിശദീകരിക്കപ്പെടാത്തതിനാലും വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ചത് അംഗീകരിക്കുന്നില്ല. വസ്തുനികുതിയിൽ തന്നെ 1833/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി പുന:നിർണ്ണയിച്ചീടാക്കി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക (രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ് (രൂപ)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(43/24)	100000	0
ബ്ലോക്ക് പഞ്ചായത്ത്	94440	നെൽകൃഷി വികസനം	94440	0
ബ്ലോക്ക് പഞ്ചായത്ത്	100000	പാലിന് ഇൻസെന്റീവ്	100000	0
ബ്ലോക്ക് പഞ്ചായത്ത്	820000	ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി)	820000	0
ബ്ലോക്ക് പഞ്ചായത്ത്	920000	ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ)	920000	0
	2034440/-	ആകെ	2034440/-	
ജില്ലാ പഞ്ചായത്ത്	45000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്.	45000	00
ജില്ലാ പഞ്ചായത്ത്	78357	അനുപൂരക പോഷകാഹാര പദ്ധതി	78357	00
ജില്ലാ	75000	പാലിന്	75000	0

പഞ്ചായത്ത്		ഇൻസെന്റീവ്		
	198357/-	ആകെ	198357/-	

.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	XVFC/2023-24 /P/82/30.12.2023	74156	0	74156
കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ്	XVFC/2023-24 /P/39/23.032024	39072	39072	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക (ഉറവിടത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന നിർമ്മാണ പദ്ധതി	ലഭ്യമായില്ല	3540000	NIL	556944 (ജി ഒ പ്രോജക്ട്)+ 559551 (2021-22, 2022-23 ൽ അധികമായി ഈടാക്കിയ തുക	0	2423505

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം	ഖണ്ഡിക	തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./തീയതി
2022-23	1-21	13860	ഡൊമിനിക്ക് ഡേവിഡ്,കോൺട്രാക്ടർ	1230400296/ 18.03.24

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	25732708
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	23678478
വരവിനങ്ങളിലുള്ള നഷ്ടം	1833
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	47727
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1002420

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	വരവ് നഷ്ടം	ചെലവ് നഷ്ടം	
2-1	1833	-	ലത എൽ, സെക്രട്ടറി
ആകെ	1833	-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
1-21	26250	ആര്യ എം, കൃഷി ഓഫീസർ
1-23	75234	റെജി മോൾ ,ഡയറി ഫാം ഇൻസ്ട്രക്ടർ
1-24	74156	ലത എൽ ,സെക്രട്ടറി
1-26	619902	ഡോ.സുരേഷ് കുമാർ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
1-28	206878	സൗമ്യ മോൾ യു, ഐ സി ഡി എസ് സൂപ്പർവൈസർ
ആകെ	1002420	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
1-25	37629	ശില്പ എസ് പിള്ള, അക്രഡിറ്റഡ് എഞ്ചിനീയർ
1-26	10098	ഡോ.സുരേഷ് കുമാർ മെഡിക്കൽ ഓഫീസർ

		(സി.എച്ച്.സി)
ആകെ	47727	

ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ലത എൽ ,സെക്രട്ടറി	സെക്രട്ടറി, പാണ്ടനാട് ഗ്രാമപഞ്ചായത്ത്	വല്ലകി,നെയ്യാറ്റിൻകര പി.ഒ,തിരുവനന്തപുരം
ഡോ.സുരേഷ് കുമാർ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	അശ്വതി, ഒരിപ്രം, ചെന്നിത്തല പി.ഒ, മാന്നാർ
റെജി മോൾ ഡയറി ഫാം ഇൻസ്ട്രക്ടർ	ഡയറി ഫാം ഇൻസ്ട്രക്ടർ,പാണ്ടനാട് ഗ്രാമ പഞ്ചായത്ത്	സുനിൽ കോട്ടേജ്, പടിഞ്ഞാറേ നട, മാവേലിക്കര
സൗമ്യ മോൾ യു, ഐ സി ഡി എസ് സൂപ്പർവൈസർ	ഐ സി ഡി എസ് സൂപ്പർവൈസർ, പാണ്ടനാട് ഗ്രാമ പഞ്ചായത്ത്	സാരസ്വതം, എ ആർ എ,64റ്റി സി 49/494(3),കൊഞ്ചിറ വിള, മണക്കാട് പി ഒ, തിരുവനന്തപുരം
ആര്യ എം, കൃഷി ഓഫീസർ	കൃഷി ഓഫീസർ പാണ്ടനാട് ഗ്രാമപഞ്ചായത്ത്	കുറ്റിയിൽ വീട്, വള്ളികുന്നുംപി.ഒ, വള്ളികുന്നും
ശില്പ എസ് പിള്ള, അക്രഡിറ്റഡ് എഞ്ചിനീയർ	അക്രഡിറ്റഡ് എഞ്ചിനീയർ, തൊഴിലുറപ്പു വിഭാഗം, പാണ്ടനാട് ഗ്രാമപഞ്ചായത്ത്	പരമേശ്വരത്ത്, പാണ്ടനാട് പി ഒ, ചെങ്ങന്നൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
1998-99	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
1999-2000	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
2002-03 (ചെലവ്)	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
2003-04 (ചെലവ്)	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
2004-05 (ചെലവ്)	എൽ.എഫ്.ജി.എ)5-1832/11 /1-2-2012
2005-06	എൽ.എഫ്.ജി.എ)5-1832 /11 /1-2-2012

2006-07	എൽ.എഫ്.ജി.എ5-1577B/14 /4-5-2014
2007-08	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2008-09 2009-2010 2010-2011	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2011-2012 2012-2013	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2013-2014	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2014-2015	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2015-16	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2016-17	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2017-18	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2018-19	കെ.എസ്.എ-എ.എൽ.പി/പി7-1591/22/02-05-2023
2019-20	കെ.എസ്.എ-എ.എൽ.പി-പി.7/123/2022/24.02.2022
2020-21	കെ.എസ്.എ-എ.എൽ.പി-പി.7/124/2022/24.02.2022
2021-22	കെ.എസ്.എ-എ.എൽ.പി-പി.7/76/2023/29.03.2023
2022-23	കെ.എസ്.എ-എ.എൽ.പി-പി.7/1270/2023/01.12.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 11-06-2024 and submitted on 12-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pandanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pandanad Grama Panchayat as on 31-03-2024

Date: 19/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pandanad Grama Panchayat for the Year 2023-2024.

1.Major Observations

1.Unremitted water charge of 03/2024 is not included as liability in AFS

2.Other Observations

1.Plan fund amount remitted by Life mission beneficiary, to be included in B-9 Other Liabilities head is wrongly included in RP- 4 Fees & User Charges (R) head in AFS

2.Plan fund amount remitted by house maintenance beneficiary, included in RP-11 Prior period income -Recovery Of Unutilised Grants /Funds is not included in B-9 Other Liabilities head in AFS

3.Amount recorded as expenditure in Sulekha Expenditure statement is not included in RP- 49 -Loans ,Advances and Payments in AFS

4.DCB statement not in concurrance with AFS

5.Notes on Accounts as stipulated in Rule 62-2(E) and Annual ratios as stipulated in Rule 62-2(F) of Kerala Panchayat Account Rules- 2011 is not submitted along with AFS.

6.Timely inclusion of demand entries of accrual items were not done.

7.Part bill amount of Public work is not included as Capital Work in Progress in AFS

8. The reason for difference of Rs. 118595/- between B-4 Shedule and B-17 -Shedule in case of Finance Commission Grant is not narrated .

9. Due to rounding off of Rs.20824715/- allotted to workers in NREGS as Rs.20831000/- , a difference of Rs.6285/-has arised in AFS.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്